**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**ചേളന്നൂർ ഗ്രാമ പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് 2018-19**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

e-mail. dokkd.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/2080/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട് ജില്ല
e-mail. dokkd.ksad@kerala.gov.in
ഫോൺ. 0495 2371012

തീയതി 07.01.2020.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**ചേളന്നൂർ** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : **ചേളന്നൂർ** ഗ്രാമപഞ്ചായത്ത് - **2018-19** സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ചേളന്നൂർ ഗ്രാമ**പഞ്ചായത്തിന്റെ **2018-19** സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.3/2080/2019 തീയതി 07.01.2020.

**കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19**
**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോഴിക്കോട് ജില്ലയിലെ **ചേളന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.06.2018 മുതൽ 11.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എം വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.12.2019 മുതൽ 21.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. മനോഹരൻ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശ്യാംജിത്ത്. അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ടി.പി. അബ്ദുൾ നസീർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.അഫ്സൽ. ടി.എം,ഓഡിറ്റർ |

(ബി)**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ടി. വത്സല | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി. റോസമ്മ ജേക്കബ് | 01.04.2018 മുതൽ 27.06.2018 വരെ |
| | ശ്രീ. പ്രദീപ് കുമാർ | 28.06.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. ഗീത. കെ. ജി | 01.04.2018 മുതൽ 04.11.2018 വരെ |

| | | |
|---|---|---|
| | ശ്രീ. ദിലീപ് കുമാർ. ടി | 05.11.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ദീപ്തി. സി. കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്പക്ടർ | ശ്രീമതി. ബിന്ദു. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി. സ്മിതമോൾ. സി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. സെക്രട്ടറി | ശ്രീ. ഷാനവാസ്. ഇ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. | ശ്രീമതി. ഷർമ്മിള. കെ | 01.04.2018 മുതൽ 12.02.2019 വരെ |
| | ശ്രീമതി. സബീന | 13.02.2019 മുതൽ 31.03.2019 വരെ |
| | ശ്രീമതി. ബീന. ടി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്. സി) | ഡോ. സരിത പുരുഷോത്തമൻ | 01.04.2018 മുതൽ 15.03.2019 വരെ |
| | ഡോ. നിത്യ കെ എസ് | 16.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. മുഹമ്മദ് മുസ്തഫ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹീര പ്രഭാകരൻ | 01.04.2018 മുതൽ 22.09.2018 വരെ |
| | ഡോ. ഷംസീർ (ഇൻചാർജ്) | 23.09.2018 മുതൽ 30.09.2018 വരെ |
| | ഡോ.ഭാഗ്യശ്രീ | 01.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ദിനേശ് പ്രഭാകരൻ | 01.04.2018 മുതൽ 06.09.2018 വരെ |
| | ശ്രീമതി. ഷറീന. ഒ. | 07.09.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ഷൈജ. | 01.04.2018 മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| | ഭാഗം-1<br>ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ഫണ്ട് വിനിയോഗം | 1-2 |
| 3 | പദ്ധതി അവലോകനം | 1-3 |
| 4 | ക്യാഷ് പരിശോധന | 1-4 |
| 5 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 7 | വാർഷികകണക്കുകളിലെ അപാകതകൾ | 1-7 |
| 8 | 15 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച് | 1-8 |
| 9 | തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച് | 1-9 |

| | | |
|---|---|---|
| 10 | 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് -സംബന്ധിച്ച് | 1-10 |
| 11 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു | 1-11 |
| 12 | ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് | 1-12 |
| 13 | പൊതുമരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണം - പൊതുഅപാകതകൾ | 1-13 |
| 14 | സ്പെസിഫിക്കേഷന് വിരുദ്ധമായ റോഡ് പ്രവൃത്തി | 1-14 |
| 15 | കെ.വൈ.ഐ.പി.ഡിപ്പോസിറ്റ് പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-15 |
| 16 | പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 1-16 |
| 17 | പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല | 1-17 |
| 18 | സ്ഥലം പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നു | 1-18 |
| 19 | കുടിവെള്ള പദ്ധതികൾ - പൂർത്തിയായവ കരാർ വെച്ച് പരിപാലനച്ചുമതല ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയില്ല. | 1-19 |
| 20 | പാലക്കോട്ട് താഴം - എ.കെ.കെ.ആർ.എച്ച്.എസ് റോഡ് പ്രവൃത്തി - അപാകത | 1-20 |
| 21 | തെരുവു വിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-21 |
| 22 | തെരുവു വിളക്ക് പരിപാലനത്തിനായി എ.എം.സി.വെയ്ക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-22 |
| 23 | കർഷകർക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് സബ്സിഡി- പമ്പ് സെറ്റുകൾ വാങ്ങിയ കാഷ്ബില്ലുകൾ ഹാജരാക്കിയില്ല | 1-23 |
| 24 | കാർഷികരംഗത്തെ പ്രോജക്ടുകൾ - അവലോകനം | 1-24 |
| 25 | അങ്കണവാടി കുഴൽ കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ - ഡിപ്പോസിറ്റ് തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല | 1-25 |
| 26 | ഫ്രണ്ട് ഓഫീസ് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങിയത് ക്രമപ്രകാരമല്ല | 1-26 |
| 27 | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക് | 1-27 |
| 28 | അങ്കണവാടി പൂരക പോഷകാഹാര പരിപാടി- ഗ്യാസ് സബ്സിയായി ലഭിക്കുന്ന തുക തിരികെ അടവാക്കുന്നില്ല | 1-28 |
| 29 | ശമ്പള കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല. | 1-29 |
| 30 | ആർദ്രം പദ്ധതി-ഒരു അവലോകനം | 1-30 |
| 31 | ലൈഫ് മിഷൻ ഭവന പദ്ധതി : അവലോകനം | 1-31 |
| 32 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല | 1-32 |

| | | |
|---|---|---|
| 33 | വെള്ളക്കരം അധികമായി നൽകുന്നു | 1-33 |
| 34 | സംയുക്തപ്രൊജക്ടുകൾ- വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല | 1-34 |
| 35 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ വൗച്ചറുകൾ പരിശോധനക്ക് ഹാജറാക്കിയില്ല | 1-35 |
| | **ഭാഗം-2**<br>**വരവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 36 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു | 2-1 |
| | **ഭാഗം-3**<br>**ചെലവ് - വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 37 | പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല | 3-1 |
| 38 | പ്രവൃത്തി പൂർത്തീകരണം വൈകിയെങ്കിലും പിഴ ഈടാക്കിയില്ല | 3-2 |
| | **ഭാഗം-4**<br>**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 39 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 40 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 41 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 43 | സ്ഥിര നിക്ഷേപം | 4-5 |
| 44 | വായ്പ / വായ്പാതിരിച്ചടവ് | 4-6 |
| 45 | ഓഡിറ്റ് റിക്കവറി | 4-7 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 47 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 50 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം.1 |



# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 ലെ ബജറ്റ് 07-03-2018 തീയതിയിലെ 01/2018 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. കേരള പഞ്ചായത്തീ രാജ് നിയമം സെക്ഷൻ 214 പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു.

(എ) സർക്കാർ അതതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേററും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സർപ്പിച്ച പ്രൊപ്പോസലുകളും ആയതിനെ അടിസ്ഥാനമാക്കി വിവിധ സ്റ്റാൻഡിംഗ് കമ്മിററികൾ തയ്യാറാക്കിയ ബജററ് നിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന 2018-19 ലെ ബജററ് ഫയൽ പരിശോധനക്ക് ആവശ്യപ്പെട്ടെങ്കിലും ബജററ് ഫയൽ സൂക്ഷിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ചട്ടപ്രകാരം ബജററ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നതിൽ വീഴ്ചകളുള്ളതായി ഇതിൽ നിന്നും വ്യക്തമാകുന്നു.

(ബി) എല്ലാ വർഷവും മാർച്ച് മാസത്തെ ആദ്യവാരത്തിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് ഭരണസമിതിയിൽ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ് [ സെക്ഷൻ 214 (1എ)]. എന്നാൽ 2018-19ലെ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി ഭരണസമിതിയിൽ വെയ്ക്കുന്നത് രണ്ടാം വാരത്തിലാണ്. നിയമപ്രകാരമുള്ള സമയക്രമം പാലിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നു.

(സി) 16.1.2019ലെ തീരുമാനം നം.9 പ്രകാരം 2018-19 ലെ പുതുക്കിയ ബജററ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പുതുക്കിയ ബജററ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

## 1-2 ഫണ്ട് വിനിയോഗം

ർ

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 21221659 | 21221659 | 18799771 | 2421888 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 11434000 | 11434000 | 10841207 | 592793 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 495000 | 495000 | 370886 | 124114 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9343000 | 9343000 | 9092492 | 250508 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4705000 | 4705000 | 4704425 | 575 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 12022792 | 12022792 | 9787121 | 2235671 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 35011600 | 35011600 | 35011600 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 254785 | 1518044 | 1772829 | 1641687 | 131142 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1875000 | 4509500 | 6384500 | 5269573 | 1114927 |
| | ജില്ലാ പഞ്ചായത്ത് | 150000 | 384185 | 3995185 | 2480085 | 1515100 |

## 1-3 പദ്ധതി അവലോകനം

ഡി.പി.സി. അഗീകാരം ലഭിച്ച 283 പ്രൊജക്റ്റുകളിൽ 209എണ്ണം ഓഡിററ വർഷം പൂർത്തീകരിച്ചിട്ടുണ്ട്. 77 സ്പിൽ ഓവർ പ്രൊജക്റ്റുകളിൽ 12 എണ്ണം നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആകെ പദ്ധതി അടങ്കലായി 134,421,188/-രൂപ വകയിരുത്തിയതിൽ 91,285,095/-രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 9441160/-രൂപ തനതുഫണ്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്. വാർഷിക പദ്ധതി രൂപീകരിക്കുന്നതിന്റെ അടിസ്ഥാനരേഖയായ സ്റ്റാററസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനോ പദ്ധതി മോണിട്ടറിംഗ് നടത്തുന്നതിനോ വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടില്ല. പുതിയ സ്ഥിതിവിവര കണക്കുകൾ കൂടി കണക്കിലെടുത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല. വാർഷികപദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടോ മൂന്നോ യോഗങ്ങൾ ചേർന്നതല്ലാതെ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും പദ്ധതി നിർവ്വഹണ മോണിട്ടറിംഗ് നടത്തിയിട്ടില്ലെന്നത് പദ്ധതി നിർവ്വഹണത്തിലെ പോരായ്മയാണ്.

ഡി.പി.സി.അംഗീകാരം ലഭിച്ച 174മരാമത്തു പ്രൊജക്റ്റുകളിൽ 127പ്രവൃത്തികളാണ് തൻവർഷം നടപ്പാക്കിയിട്ടുള്ളത്. പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്റ്റുകൾക്ക് ആകെ 56127445 രു വകയിരുത്തിയതിൽ 35202748 രൂപയാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് 62.7 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മിനുട്സ് ബുക്ക് പരിശോധിച്ചതിൽ മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ലെന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ അവലോകനം ചെയ്യുകയോ നിർവ്വഹണത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്യുതായി കാണുന്നില്ല. ഇത് പദ്ധതി നിർവ്വഹണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മരാമത്ത് പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെക്കുന്നതിൽ കാലതാമസം നേരിടുന്നതായും അപ്രകാരം കാലതാമസം വരുത്തിയ കരാറുകാരിൽ നിന്നും ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതെ പ്രവൃത്തി ഏൽപിച്ചു നൽകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്(ഖണ്ഡിക കാണുക)

ഉൽപാദനമേഖലയിൽ ഒട്ടു മിക്ക പ്രൊജക്റ്റുകളും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയിൽ, വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഉതകുന്ന കാർഷിക പ്രോജക്റ്റുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ /വളം സബ്സിഡി വിതരണ പ്രോജക്റ്റുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് . 2018-19

സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അർഹരായ 82 ഗുണഭോക്താക്കളിൽ, എഗ്രിമെന്റ് വെച്ച 81 പേരുടേയും വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹഡ്കോയിൽ നിന്ന് 15143639 രൂപ ഈ ആവശ്യത്തിലേക്കായി വായ്പ എടുത്തതിൽ 15140000 രൂപയും ചിലവഴിച്ചിട്ടുണ്ട് .ആരോഗ്യ മേഖലയിൽ തൻ വർഷം പി.എച്ച്.സി. മെഡിക്കൽ ഓഫിസർ നടപ്പിലാക്കിയ പദ്ധതികളുടെ ആകെ ചെലവു തുക 645895/- രൂപയാണ്. ഇതിൽ 302066/- രൂപയുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു (ഖണ്ഡിക 1-35 കാണുക).

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കുകളിൽ കേടുവന്നവ റിപ്പയർ ചെയ്യുന്നതിനായി എ.എം.സി. വെച്ചതിൽ നിലവിലില്ലാത്ത സ്പെസിഫിക്കേഷനിലുള്ള വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ച് തുക കൈപ്പറ്റുകയുണ്ടായി (ഖണ്ഡിക 1-22 കാണുക). കെ.വൈ.ഐ.പി. ഡിപ്പോസിറ്റ് പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശം പാലിക്കുന്നതിലും, പദ്ധതി നിർവ്വഹണത്തിലും വീഴ്ചകളുണ്ടായിട്ടുണ്ട് (ഖണ്ഡിക1-15 കാണുക).

## 1-4 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.19 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ കൃഷ് ബാലൻസ് ഇല്ലായിരുന്നു.

## 1-5 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

1. ഗ്രാമ പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവർത്തിയ്ക്കായി നൽകിയ തുകയിൽ, വിനിയോഗ സാക്ഷ്യപത്ര പ്രകാരം പ്രവർത്തി പൂർത്തീകരിച്ചതിനുശേഷം ബാക്കിയുള്ള തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കുന്നതിനും, തിരികെ ലഭ്യമാക്കിയ തുക സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല, സംയുക്ത പ്രൊജക്ടുകൾക്കായി ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.
2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ടെയിഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നു.
3. ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങുന്ന ഫർണ്ണിച്ചർ, കമ്പ്യൂട്ടറുകൾ, യു.പി.എസ്, ഫോട്ടോസ്റ്റാറ്റ് മെഷീൻ, പ്രിന്ററുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുമ്പോൾ നിർവ്വഹണ അധികാരി സാക്ഷ്യപ്പെടുത്തലുകൾ വരുത്തി അധികൃതമാക്കുന്നില്ല.
4. ഗ്രാമപഞ്ചായത്തിലെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, മാസാന്ത്യ വരവ് ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. കൂടാതെ വസ്തുനികുതി സംബന്ധിച്ച് 100% പിരിവ് ഉറപ്പുവരുത്തുന്നതിന് ഇടപെടലുകൾ

നടത്തിയിട്ടുമുണ്ട്. എന്നാൽ തൊഴിൽ നികുതി, ഡി&ഒ ലൈസൻസ് തുടങ്ങിയ വരവിനങ്ങളുടെ കാര്യത്തിൽ വേണ്ടത്ര വിലയിരുത്തലുകളോ ഇടപെടലുകളോ കമ്മിറ്റി നടത്തിയിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്റ്റുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങലുകൾ നടത്തുന്നതിനായി കമ്മററി നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

6. നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനനഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്. തൊഴിൽ നികുതി, ഡി.&ഒ.ലൈസൻസ് എന്നീ ഇനങ്ങളിലെ നിലവിലുള്ള തനതു വരുമാനം കൃത്യമായി പിരിച്ചെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധചെലുത്തുന്നില്ല.

7. 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരം, മുൻവർഷത്തെ അനുഭവത്തെ അടിസ്ഥാനമാക്കി ഉചിതമായ മാറ്റങ്ങൾ വരുത്താനും കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്താനും പൗരാവകാശ രേഖ ഓരോ വർഷവും പുതുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 2016-17 നു ശേഷം പൗരാവകാശ രേഖ പുതുക്കിയിട്ടില്ല.

8. വിവിധ വാർഡുകളിലെ ഗ്രാമ സഭാ മിനുട്സിൽ അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ പേരു വിവരം ചേർക്കുന്നതിൽ വീഴ്ചവന്നിട്ടുണ്ട്. ഓരോ ഗ്രാമസഭാ യോഗവും അവസാനിക്കുമ്പോൾ മിനുട്സ് ക്ലോസ് ചെയ്യുന്നില്ല.

9. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.

മേൽ അപാകതകൾ പരഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) തൊഴിൽ നികുതി, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേൽപ്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം ഓഫീസ് ഉത്തരവ് മുഖേന ഫീൽഡ് സ്ററാഫിനെ ഏല്പിക്കേണ്ടതും, റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) ക്രമനം 1,2,3,,7എന്നിവയിൽ പരാമർശിച്ച അപാകതകൾ ഈ റിപ്പോർട്ട് കിട്ടിയയുടൻ പരിഹരിക്കേണ്ടതാണ്.

എഫ്)വർക്കിംഗ് ഗ്രൂപ്പുകൾ അവയിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ജി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

എച്ച്) ഗ്രാമസഭ മിനുട്സുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും ഗുണഭോക്താക്കളുടെ പേരു വിവരം മിനുട്സിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ബന്ധപ്പെട്ട വാർഡ് മെമ്പർ ഉറപ്പുവരുത്തേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച റിപ്പോർട്ടും, അതുമൂലം അതാതു മേഖലകളിലുണ്ടായ മാറ്റങ്ങളുടെ വിവരവും ലഭ്യമാക്കി പരാമർശം ഒഴിവാക്കാവുന്നതാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-05-2019 | 04/19 | No-PAU/1&2/2-/2018(3) |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.08.2014 | 2009-10 – 2013-14 | LBA.(HQ)VI/8-B990/71 തീയതി 07.10.2014 |

## 1-7 വാർഷികകണക്കുകളിലെ അപാകതകൾ

1. പഞ്ചായത്തിൽ നിന്നും നൽകിയതും, മൂന്നുമാസത്തിലധികം പഴക്കമുള്ളതുമായ ചെക്കുകൾ(നാളിതുവരെ പിൻവലിക്കാത്തവ) 'ലയബിലിറ്റി ഇൻ റെസ്പെക്ട് ഓഫ് സ്റ്റെയിൽ ചെക്ക്" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | അക്കൗണ്ട്/ശീർഷകം | തുക | ചെക്ക് തിയ്യതി |
|---|---|---|---|
| 1 | കനറാ (പെൻഷൻ)450410101 | 2000 | 24.9.18 |
| 2 | കനറാബാങ്ക്(NREGS)450610101 | 600 | 14.5.18 |
| 3 | ചേളന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് 450230101 | 500 | 18.9.18 |
| | | 700 | 31.8.18 |
| | | 600 | 10.7.18 |

2. ട്രഷറി അക്കൗണ്ട്(450250110) ൽ 5.1.2017 ന് നൽകിയ ചെക്ക് ഇപ്പോഴും കളക്ഷൻ ആകാതെ തുടരുന്നു(തുക 50927/-). ആയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

3. വസ്തുനികുതി - വാസഗൃഹങ്ങളുടെ വസ്തുനികുതി കുടിശ്ശിക മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം ഇല്ല. എന്നാൽ സഞ്ചയ ഡി.സി.ബി.യിൽ അരിയർ ഡിമാന്റ് 81614 (77461 + 4153)രൂപ എന്നു കാണുന്നു. ഇത് വിശദീകരിക്കേണ്ടതാണ്.

- നോൺ റെസിഡെൻഷ്യൽ കെട്ടിടങ്ങളുടെ അരിയർ ഡിമാന്റ് തുക മുൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം 381119 രൂപയാണ് (102278 + 278841).എന്നാൽ സഞ്ചയ ഡി.സി.ബി.പ്രകാരം ഇത്

421695 രൂപയാണ്. വാർഷികകണക്ക് ഷെഡ്യൂൾ ആർ.പി.-43 പ്രകാരം നോൺ റസിഡെൻഷ്യൽ അരിയർ കളക്ഷൻ 102182 രൂപയും, എന്നാൽ സഞ്ചയ ഡി.സി.ബി. പ്രകാരം ഇത് 258642 രൂപയുമാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

- ഷെഡ്യൂൾ ഐ - 18 ൽ ഉൾപ്പെട്ട റസിഡെൻഷ്യൽ, നോൺ റസിഡെൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി തുകയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-8 15 ച.മി യിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -വിശദീകരണം തേടുന്നത് -സംബന്ധിച്ച്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ് (ഫോറം 6) , പരിശോധിച്ചപ്പോൾ 15 ച.മി വരെ വിസ്തൃതിയുള്ള 121 പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഉള്ളതായി കണ്ടെത്തി. ഇതിൽ നിരവധി കെട്ടിടങ്ങൾക്ക് നികുതി ഈടാക്കുന്നുണ്ട്.

എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | ഈടാക്കുന്ന നികുതി |
|---|---|---|---|---|
| 1 | 01/291 | 13.44 | മോഹൻദാസ് സോമൻ ഇ.ടി | 69 |
| 2 | 01/292 | 9.66 | മോഹൻദാസ് സോമൻ ഇ.ടി | 34 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207, സ.ഉ(എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1 5 ച.മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനുള്ളതാവാൻ സാധ്യത കുറവാണ്, ആയതിനാൽ തന്നെ ഇത്തരത്തിലുള്ള മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം പരിശോധിക്കേണ്ടതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-9 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് -സംബന്ധിച്ച്

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങാവുന്നതുമാണ്

2)കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

3. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം രണ്ടാം നമ്പർ ഫോറത്തിൽ ലഭ്യമാക്കാൻ ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നൽകേണ്ടതാണ്.

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

ഈ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു.

ഉദാ-2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്

| ക്രമ നം ( ഡി & ഒ രജിസ്റ്റർ) | അപേക്ഷകന്റെ പേര് | വാർഡ് നം/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 391 | സുനിൽ കുമാർ | 05/223എ,ഷവർലെ ഇന്റർനാഷനൽ, ചേളന്നൂർ | 5 |
| 392 | മാനേജർ | 10/294, ഫെർട്ടിലൈസർ മിക്സിങ് യൂനിറ്റ്,കേരള സ്റ്റേറ്റ് കോ-ഓപറേറ്റിവ് റബ്ബർ മാർക്കറ്റിങ് ഫെഡറേഷൻ, ചേളന്നൂർ | 11 |
| 413 | ഹരീഷ് പി വി | 10/372,പുതുവയൽ മെറ്റൽ ഇൻഡസ്ട്രിയൽ | 5 |
| 414 | ഡോ പി ഐ മുഹമ്മദ് | 15/446, പി ഐ പോളി ക്ലിനിക് | 3 |
| 415 | റസ്സൽ മുഹമ്മദ് ടി | 13/317 എ, ഡോക്ടേർസ് സ്പെഷ്യാലിറ്റി ലാബ്, കുമാരസാമി റോഡ് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കാത്തതിന്. വിശദീകരണം നൽകേണ്ടതാണ്.

## 1-10 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്ന് ഒഴിവാക്കിയത് -സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 207, സ.ഉ(എം.എസ്) 358/15 തി.16.12.2015 എന്നിവ പ്രകാരം 60 ച.മി വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും, 2015-16 സാമ്പത്തിക വര്ഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ച.മി യിൽ കൂടുതൽ വിസ്തീർണമുള്ള താഴെ പറയുന്ന കെട്ടിങ്ങൾക്ക് നികുതി ചുമത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 06/119 | 262.16 | രാമകൃഷ്ണൻ, പൂങ്കുന്നുമ്മൽ, ഇരിവള്ളൂർ, 673616 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 9/262 | 103 | കുട്ട്യാലി, കണ്ടിയിൽ, പാലത്ത്, 673611 | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 13/551 | 76.16 | ഓമന, നടുവിലക്കുന്നത്ത്, ചേളന്നൂർ, 673616, | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹം (സെ. 207 (1 (ഐ) ) |

കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് .ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്) | നഷ്ടം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | സെസ്സ്) (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10%എന്നിവ അടക്കം) | | (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10%എന്നിവ അടക്കം) | |
| പ്രേംജിത്ത്, പ്രഞ്ജുള പ്രേം നിവാസ്, ചേളന്നൂർ, ചേളന്നൂർ, 673616, (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി- 2015ഒന്നാം അർദ്ധവർഷം മുതൽ) | 108.59 | 30 | 3584+180=3764 | 50 | 5973+299=6272 | 2015-16=2508 2016-17=2508 2017-18=2508 2018-19=2508 Total=10032 |

മേൽ അപാകതക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു നൽകിയ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കുമെന്ന് ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർ നിർണയിക്കേണ്ടതും, പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 10032/- രൂപ (വസ്തു നികുതി 2389 x 4 = 9556, ഗ്രന്ഥശാലാവരി 119 x 4 = 476, ആകെ = 10032) തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനൊ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതാണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ--- 1948

100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് ------ 204

200 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ.... 02

200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ള 02

ഷോപ്പിങ് മാളുകൾ

വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ 3

വ്യവസായിക ആവശ്യത്തിനുള്ളത് 13

ഇതര വ്യവസായത്തിനുള്ളത് 17

**ആകെ 2189**

**വേക്കൻസി റമിഷൻ 35**

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2189 കെട്ടിടങ്ങൾ ഉണ്ട്,അതിൽ 35 കെട്ടിടങ്ങൾക്ക് മാത്രമേ വേക്കൻസി റമിഷൻ മൂലം നികുതിയിളവ് അനുവദിച്ചിട്ടുള്ളൂ. ശേഷിക്കുന്ന 2154 കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടാകാൻ സാധ്യതയുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 510പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്ന് ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥയാണ് ഉള്ളത് .വിശദീകരണം നൽകേണ്ടതാണ്.

## 1-13 പൊതുമരാമത്ത് പ്രോജക്ടുകളുടെ നിർവ്വഹണം - പൊതുഅപാകതകൾ

2018-19 വർഷത്തിൽ ചേളന്നൂർ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പൊതുമരാമത്ത് പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെപ്പറയുന്നു.

1. തുക വകയിരുത്തിയ പല പ്രോജക്ടുകളും 2018-19 വർഷത്തിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. ആകെ 56127445 രൂ പല ഫണ്ടുകളിൽ നിന്നായി പൊതുമരാമത്ത് പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 35202748 രൂ.യാണ് 2018-19 വർഷത്തിൽ ചെലവഴിച്ചത്. അതായത് 62 .7 ശതമാനം തുക മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ആകെ 174 പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 127 എണ്ണമാണ് നടപ്പായത്. 47 എണ്ണം നടപ്പാക്കാൻ സാധിച്ചില്ല. 62 സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തുക വകയിരുത്തിയതിൽ 10 എണ്ണം 2018-19 വർഷത്തിലും നടപ്പായില്ല.2018-19 വർഷത്തിൽ വിവിധ ഫണ്ടുകളിൽ നിന്നും തുക വകയിരുത്തിയതിന്റേയും ചെലവഴിച്ചതിന്റേയും വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്ര നം. | ഫണ്ട് | വകയിരുത്തിയ തുക (രൂ) | ചെലവഴിച്ച തുക (രൂ) | ചെലവ് ശതമാനം | പാഴായ വകയിരുത്തൽ (രൂ) |
|---|---|---|---|---|---|
| 1. | വികസന ഫണ്ട് പൊതുവിഭാഗം | 2705585 | 1397454 | 51.7 | 1308131 |
| 2. | എസ്.സി.പി | 5806644 | 2451729 | 42.22 | 3354915 |
| 3. | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11957750 | 7841199 | 65.6 | 4116551 |
| 4. | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 13287000 | 8282492 | 62.3 | 5004508 |
| 5. | മെയിന്റനൻസ് | 6011000 | 3907925 | 65 | 2103075 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാന്റ്(നോൺ റോഡ്) | | | | |

ആകെ 15887180 രൂപ.

2. പൊതുമരാമത്ത് ഫയലുകളിലെ രേഖകളുടെ സൂക്ഷിപ്പ് ഒട്ടും തന്നെ തൃപ്തികരമല്ല. പൊതുമരാമത്ത് പ്രവൃത്തികൾക്കുള്ള ടെണ്ടർ സ്വീകരിച്ച ശേഷം 7 ദിവസത്തിനകമോ Firm Period ന് അകമോ (ഏതാണ് ആദ്യമെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായുള്ള രേഖാമൂലമുള്ള അറിയിപ്പ് കരാറുകാർക്ക് നല്കണമെന്ന് 1.2.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/PWD മുഖേന പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം അനുശാസിക്കുന്നു. എന്നാൽ ഓഡിറ്റ് സമയത്ത് പരിശോധിച്ച ഒരു പൊതുമരാമത്ത് ഫയലിൽ പോലും ഇത്തരത്തിലുള്ള സെലക്ഷൻ നോട്ടീസ് കരാറുകാർക്ക് നല്കിയതായി കാണുന്നില്ല. കൂടാതെ പ്രവൃത്തി നടത്തുന്നതിന് സ്ഥലം കൈമാറുമ്പോൾ (site) കരാറുകാരിൽ നിന്നും രശീത് വാങ്ങുന്നുണ്ടെങ്കിലും അവയിലൊന്നും തന്നെ സ്ഥലം കൈപ്പറ്റുന്ന തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി കണക്കാക്കുന്നത് സൈറ്റ് കൈമാറുന്ന തിയ്യതി മുതല്ലാണ്.

3. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കരാറുകളിൽ പരാമർശിക്കുന്നില്ല.ഇക്കാരണം കൊണ്ട് തന്നെ പൊതുമരാമത്ത് പ്രവൃത്തികൾ നിർദ്ദിഷ്ടകാലാവധിക്കുള്ളിൽ തന്നെയാണോ പൂർത്തീകരിച്ചത് എന്ന് പരിശോധിക്കാൻ കഴിയുന്നില്ല.

4. 29.1.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018/തസ്വഭവ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.4 . ഖണ്ഡിക 13 പ്രകാരമുള്ള പൂർത്തീകരണ സാക്ഷ്യപത്രം.മോണിറ്ററിങ് റിപ്പോർട്ട് എന്നിവയൊന്നും തന്നെ പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ സൂക്ഷിക്കുന്നില്ല.

5. പഞ്ചായത്ത് ആസ്തി രജിസ്റ്റർ കാലികമാക്കി, സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതായി കാണുന്നില്ല. പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാത്തത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തുന്നു.
ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/18-19-ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ AE/LSGD/CHNR/Audit/2018-19 നമ്പർ മറുപടിയിൽ മേൽഅപാകങ്ങൾ പരിഹരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇക്കാര്യം തുടർന്നുള്ള ഓഡിറ്റ് പരിശോധനകളിൽ നിരീക്ഷിക്കുന്നതാണ്.

## 1-14 സ്പെസിഫിക്കേഷന് വിരുദ്ധമായ റോഡ് പ്രവൃത്തി

ചേളന്നൂർ ഗ്രാമപഞ്ചായത്ത് അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന റോഡ് പ്രവൃത്തിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 212/18-19 |
| പ്രോജക്ട് | ആറങ്ങാട്ട്താഴം - അരീപ്പൊയിൽ റോഡ് |
| ചെലവഴിച്ച തുക (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 112500 രൂ |

| | |
|---|---|
| ട്രഷറിബിൽ നമ്പർ,തുക | 1/18-19/28.5.18 , 112500 രൂ |
| ചെലവഴിച്ച തുക (തനത്ഫണ്ട്) | 137500 രൂ |
| ചെക്ക് നമ്പർ , തുക | 9641133/21.8.19 , 137500 രൂ |
| ടി.എസ് നമ്പർ , തുക | 34581/2016-17 , 250000 രൂ |
| എം.ബുക്ക് നമ്പർ | 54/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 249333 രൂ |

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 224 മീറ്റർ നീളത്തിൽ ( 2.8 മീറ്റർ വീതി, 70 സെന്റീമീറ്റർ കനം) മണ്ണിട്ടശേഷം ഇതേ നീളത്തിലും വീതിയിലും 10 സെന്റീമീറ്റർ കനത്തിൽ ക്വാറി മക്ക് ഇടുന്നതാണ് ഈ റോഡ് പ്രവൃത്തി. ടാറിങ് ഉൾപ്പെടാതെ ഈ രീതിയിൽ മണ്ണിട്ട് നിറക്കൽ മാത്രമായി ഒരു റോഡ് പ്രവൃത്തി ഒരു സ്പെസിഫിക്കേഷൻ പ്രകാരവും വിഭാവനം ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/18-19 ന് AE/LSGD/CHNR/Audit/2018-19 നമ്പറായി അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ മറുപടി പരിശോധിച്ചു. മണ്ണിട്ട് നികത്തിയ ശേഷം ഉടനെ surface layer നിർമ്മിച്ചാൽ പൊളിഞ്ഞുപോകുമെന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചത്. എന്നാൽ എപ്പോഴാണ് surface layer നിർമ്മിച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കേണ്ടത് എന്ന വിവരം മറുപടിയിൽ ഇല്ല. 2019 - 2020 സാമ്പത്തിക വർഷത്തിലും റോഡ് നിർമ്മാണം പൂർത്തിയായിട്ടില്ല. മണ്ണ് , ക്വാറിമക്ക് എന്നിവ ഉപയോഗിച്ച് സബ് ഗ്രേഡ് നിർമ്മിച്ച ശേഷം ഒരു വർഷത്തിലധികം സമയത്തിനുശേഷം റോഡ് പ്രവൃത്തി പൂർത്തിയാക്കിയാൽ മതിയെന്ന നിർദ്ദേശം ഏത് സ്പെസിഫിക്കേഷൻ പ്രകാരമാണെന്ന് വ്യക്തമാക്കേണ്ടതാണ്.

249333 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-15 കെ.വൈ.ഐ.പി.ഡിപ്പോസിറ്റ് പ്രവൃത്തി - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ടിനു കീഴിൽ ഗ്രാമപഞ്ചായത്തു പരിധിയിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ വിവിധ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്ത് താഴെ പറയും പ്രകാരം കെ.വൈ.ഐ.പി.യിൽ ഡെപ്പോസിറ്റായി തുക ഒടുക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/പ്രൊജക്ട് നം. | ഡിപ്പോസിററ് തുക | ബിൽ നം./തീയതി |
|---|---|---|---|
| 1. | മുതുവാട്ടു താഴം റോഡ് കൾവർട്ട് പുനർ നിർമ്മാണം (301/19) | 410000 | 23/18-19/23.1.2019 (ചലാൻ നം.20232/24.1.2019) |
| 2. | കക്കോടി ബ്രാഞ്ച് കനാലിന്റെ അരീപൊയിൽ കൈതക്കോട്ട് കനാൽ റോഡ് ഭാഗം ഡ്രെയിനേജ് നിർമ്മാണം | 100000 | വൗച്ചർ നം. 21800993/25.1.2019 (ചലാൻ നം. |

| | | | |
|---|---|---|---|
| | | | KL011149995201819M/ 1.2.2019) |
| 3. | 8/2 കനാൽ റോഡ് റീടാറിംഗ് പ്രവൃത്തി | 400000 | ബിൽ നം.22/18-19/23.1.2019 (ചലാൻ നം. 20182/24.1.2019) |

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. പ്രവൃത്തി പൂർത്തീകരിച്ച് പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ജി.ഒ.(എം.എസ്)11/2018/ത.സ്വ.ഭ.വ./29.1.2018 ഉത്തരവു പ്രകാരം ഡിപ്പോസിററ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെങ്കിലും നിർവ്വഹണ പുരോഗതി വിലയിരുത്തി തുടർ നടപടികളുണ്ടായിട്ടില്ല.
2. കെ.വൈ.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേററ് പ്രകാരം ക്രമ നം.1, 3 പ്രവൃത്തികൾക്ക് 12.5%സെന്റേജ് ചാർജ്ജായി യഥാക്രമം 44569/-, 44195/-രൂപ ഗ്രാമപഞ്ചായത്ത് എസ്റ്റിമേറ്റ് തുകയ്ക്കൊപ്പം ഒടുക്കിയിട്ടുണ്ട്. എന്നാൽ ഡിപ്പോസിറ്റ് പ്രവൃത്തികൾക്കായി എസ്റ്റിമേറ്റിന്റെ 10% സൂപ്പർവിഷൻ ചാർജ്ജും, 2.5% എസ്റ്റിമേററ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജ്ജായി ഈടാക്കാമെങ്കിലും പി.ഡബ്ല്യൂഡി മാന്വൽ ഖണ്ഡിക 1601.4 പ്രകാരം എസ്റ്റിമേററ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള ചാർജ്ജായ 2.5% തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല. ആയതിനാൽ സെന്റേജ് ചാർജ്ജിനത്തിൽ യഥാക്രമം 35655/-രൂപ, 35356/രൂപ (എസ്റ്റിമേറ്റിന്റെ 10%) ഒടുക്കിയാൽ മതിയാവുന്നതാണ്.
3. കെ.വൈ.ഐ.പിയുമായി ഗ്രാമപഞ്ചായത്ത് എഗ്രിമെന്റ് വെച്ചതായി കാണുന്നില്ല. മേൽ പരാമർശിച്ച സർക്കാർ ഉത്തരവു പ്രകാരം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധന പാലിക്കപ്പെട്ടിട്ടില്ല.
4. ക്രമ നം.2 പ്രകാരമുള്ള പ്രവൃത്തിക്ക് 100000/-രൂപ ചെലാൻ പ്രകാരം 8443-00-108-00-PW (Deposit) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും KYIP കാര്യാലയത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്തിരുന്നില്ല. 27.9.2019 ലെ എ7/650/2019-20 നമ്പർകത്തു പ്രകാരം 100000/-രൂപ സംബന്ധിച്ച ചെലാൻ വിവരങ്ങൾ KYIP കാര്യാലയത്തിന്റെ BIMS ൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് സബ്ട്രഷറി ഓഫീസർ അറിയിച്ചിട്ടുണ്ടെങ്കിലും ഇതുവരെ KYIP അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല. ആയതിനാൽ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ട്രഷറിയിൽ ഒടുക്കിയ 100000/-രൂപ KYIPകാര്യാലയത്തിന്റെ അക്കൗണ്ടിൽ ക്രെഡിററ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കേണ്ടതുമാണ്.

## 1-16 പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 66/19 |
| പ്രോജക്ട് | മൂത്താനത്ത്താഴം പേരാറ്റിൽകുന്ന് നടപ്പാത |
| ചെലവഴിച്ച തുക | 627122 രൂ |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറിബിൽ നമ്പർ, തിയ്യതി, തുക | 74/20.3.2019 , 627122 രൂ |
| എം.ബുക്ക് നമ്പർ | 118/18,126/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 627122 രൂ |
| ടെണ്ടർ തുറന്ന തിയ്യതി | 22.10.18 |
| ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം | 1/1 തിയ്യതി 7.11.2018 |
| എഗ്രിമെന്റ് നമ്പർ | ae/chr/59/18-19 തിയ്യതി 1.12.18 |
| കരാറുകാരൻ | എം.രാമചന്ദ്രൻ |
| പി.എ.സി തുക | 698335 രൂ |

7.11.2018 തിയ്യതിയിൽ ഭരണസമിതി ടെണ്ടർ അംഗീകരിച്ചിട്ടുണ്ടങ്കിലും കരാറുകാരനുമായി കരാർ വെക്കുന്നത് 1.12.2018 തിയ്യതിയിലാണ്. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/pwd പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെസക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുണ്ട്.14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി തുകയുടെ 1 ശതമാനം പിഴ ഈടാക്കിക്കൊണ്ടാണ് അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ വെക്കേണ്ടത്.എന്നിട്ടും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. ഇവിടെ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായി ഫയലിൽ കാണുന്നില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/18-19 - ന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ AE/LSGD/CHNR/Audit /2018-19 മറുപടിയിൽ അറിയിച്ചിരിക്കുന്നത്, 7.11.2018 തിയ്യതിയിൽ ടെണ്ടർ ഭരണസമിതി അംഗീകരിച്ചെങ്കിലും തീരുമാനത്തിന്റെ പകർപ്പ് എ.ഇ യുടെ ഓഫീസിൽ ലഭ്യമായത് 22.11.18 തിയ്യതിയാണെന്നും ഈ തിയ്യതി മുതൽ 14 ദിവസത്തിനകം എഗ്രിമെന്റ് വെച്ചിട്ടുണ്ട് എന്നുമാണ്. പഞ്ചായത്ത് ഓഫീസും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസും ഒരേ കെട്ടിടത്തിന്റെ താഴെയും മുകളിലുമായി സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം മറുപടി അംഗീകരിക്കുവാൻ പ്രയാസമുണ്ട്. 22.10.2018 ന് തുറന്ന ടെണ്ടർ 7.11.2018 ന് ഭരണസമിതി അംഗീകരിച്ചിട്ടും കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാഞ്ഞതും , നിർദ്ദിഷ്ട സമയപരിധിയിൽ വൈകി കരാർ വെക്കാൻ ഇടയായതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള പിഴവാണ്. 6983 രൂ പിഴ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-17 പ്രവൃത്തി പൂർത്തീകരണം വെകിയെങ്കിലും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 223/18-19 |
| പ്രോജക്ട് | കോരപ്പച്ചംകുഴികോളനി ഫുട്പാത്ത്(കോൺക്രീറ്റ്) |
| ചെലഴിച്ച തുക | 95540 രൂ |

| | |
|---|---|
| ട്രഷറി ബിൽ നമ്പർ,തുക | 11/18-19 തിയ്യതി 10.7.18 ,തുക 95540 രൂ |
| എം.ബുക്ക് നമ്പർ | 91/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 95540 രൂ |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | ae/chr/122/15-16 തിയ്യതി 3.3.16 |
| കൺവീനർ | ഭാസ്കരൻ , തമ്പിലാളിമീത്തൽ , ചേളന്നൂർ |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 9.5.18 |
| പി.എ.സി തുക | 93536 രൂ |

മേൽ പ്രോജക്ടിൽ വെറും 39 മീറ്റർ കോൺക്രീറ്റ് ഫുട്പാത്ത് നിർമ്മിക്കുകയാണ് ചെയ്തത്. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് അസി.എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചതായൊന്നും കാണുന്നില്ല. ഏകദേശം രണ്ട് വർഷത്തോളമെടുത്താണ് ഈ പ്രവൃത്തി പൂർത്തിയായത്. പ്രവൃത്തി പൂർത്തീകരണ കാലാവധി ഫയലിലിലോ കരാറിലോ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലാവധി വ്യക്തമാക്കാതെ പൊതുമരാമത്ത് പ്രവൃത്തി ഏല്പിച്ച കൊടുത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള പിഴവാണ്. (ഇത്തരം പ്രവൃത്തികളിൽ പരമാവധി വേണ്ടിവരുന്ന കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മറിച്ചുള്ള പരാമർശങ്ങളൊന്നും ഫയലിൽ കാണുന്നില്ല.)

| | |
|---|---|
| (ii) പ്രോജക്ട് നമ്പർ | 272/19 |
| പ്രോജക്ട് | പൂക്കോട്ടുമല കോളനി റോഡ് (ടാറിങ്) |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ട്രഷറിബിൽ നമ്പർ,തുക | 77/20.3.19 , 2 ലക്ഷം രൂ |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | 60/17-18തിയ്യതി 16.2.18 |
| എം.ബുക്ക് നമ്പർ | 109/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 2 ലക്ഷം രൂ |
| പ്രവൃത്തിപൂർത്തീകരിച്ച തിയ്യതി | 4.2.19 |
| കരാറുകാരൻ | റിജു.എം.വി |
| പി.എ.സി തുക | 198755 രൂ |

പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കുറിച്ച് കരാറിലോ , ഫയലിലോ ഒരു പരാമർശവുമില്ല. PRICE സോഫ്റ്റ് വെയർ പ്രകാരം ടെണ്ടർ ഷെഡ്യൂൾ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ proposed duration (പ്രോജക്ട് നമ്പർ 319/17-18 , ഫയൽ ഐ.ഡി നമ്പർ 2017/71803) 6 മാസം എന്ന് കാണിച്ചിട്ടുണ്ട്. കരാർ പ്രകാരം കരാർ തിയ്യതി മുതൽ 10 ദിവസത്തിനുള്ളിൽ പ്രവൃത്തി സ്ഥലം ഏറ്റുവാങ്ങുകയും 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്യേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ , അസി.എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചതായി ഫയലിൽ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

01.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/pwd സെക്ഷൻ 2112-1 പ്രകാരം ആദ്യതവണ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എ.സി (probable amount of contract) തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം 2 ശതമാനവും പിഴ ഈടാക്കേണ്ടതുണ്ട്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്.

അവയുടെ തുക നല്കാവുന്നതല്ല. ഇത്തരം പ്രവൃത്തികളിൽ പരമാവധി ഈടാക്കേണ്ട പിഴ (പി.എ.സി തുകയുടെ 3 ശതമാനം) ക്രമനമ്പർ (i) പ്രവൃത്തിയിൽ 2806 രൂപയും ക്രമനമ്പർ (ii) പ്രവൃത്തിയിൽ 5963 രൂപയും ഈടാക്കേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 17/18-19 – ന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ AE/LSGD/CHNR/Audit/2018-19 നമ്പർ മറുപടിയിൽ പറയുന്ന കാരണങ്ങളൊന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയതായോ , പ്രവൃത്തി ദീർഘീകരണത്തിന് ഇവ കാരണങ്ങളായി അറിയിച്ചുകൊണ്ട് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചതായോ കാണുന്നില്ല. പ്രവൃത്തി നിർവ്വഹണത്തിനിടെ ബോധ്യപ്പെടാതിരുന്ന കാരണങ്ങൾ പിന്നീട് അംഗീകരിച്ചുകൊണ്ട് പിഴ ഈടാക്കുന്നത് ഇളവ് ചെയ്യാൻ നിർവ്വാഹമില്ല. മേൽ നിർണയിച്ച പിഴ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-18 സ്ഥലം പരിശോധിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പാക്കുന്നു

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 255/19 |
| പ്രോജക്ട് | ശ്രീനാരായണവിലാസം- താന്നിക്കൽ താഴം റോഡ് (ടാറിങ്) |
| ചെലവഴിച്ച തുക (MG-Road) | 3 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ,തുക | 27/3.8.18 , 3 ലക്ഷം രൂ |
| ടി.എസ് നമ്പർ | 52132/17-18 |
| എസ്റ്റിമേറ്റ് നമ്പർ | 2017/98275 |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | 7/17-18 തിയ്യതി 16.1.18 |
| എം.ബുക്ക് നമ്പർ | 93/17-18 |
| പ്രവൃത്തി പൂർത്തീകരണ തിയ്യതി | 27.3.18 |

ആദ്യത്തെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 120 മീറ്റർ നീളത്തിൽ ഗ്രാന്യുലാർ സബ് ബേസ് വർക്ക് ചെയ്ത് ടാറിങ് നടത്താനാണ് ഉദ്ദേശിച്ചത്. ഇത് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പുരോഗമിച്ചപ്പോൾ ടാറിങ് പ്രവൃത്തി പ്രായോഗികമല്ല എന്ന് കണ്ടെത്തി. അസി.എഞ്ചിനീയർ തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ചെങ്കുത്തായ കയറ്റം ഉള്ളതിനാലും മഴക്കാലത്ത് വെള്ളത്തിന്റെ കുത്തൊഴുക്കും ഉള്ളതിനാൽ ടാറിങ് പ്രവൃത്തി പ്രായോഗികമല്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.
16.2.2018 തിയ്യതിയിലെ 1(6)/2018 നമ്പർ തീരുമാനപ്രകാരം ടാറിങ് മാറ്റി കോൺക്രീറ്റ് ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അനുമതി നല്കി.
പ്രവൃത്തി 2017-18 വർഷത്തിൽ പൂർത്തിയായെങ്കിലും തൻവർഷം പണം നല്കാൻ സാധിക്കാതെ വരികയും 2018-19 വർഷത്തിൽ നല്കേണ്ടതായി വരികയും ചെയ്തു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി സ്ഥലപരിശോധന നടത്താതിരുന്നതുമൂലമാണ് ഇവിടെ പ്രവൃത്തി 2018-19 വർഷത്തിലേക്ക് നീളാൻ ഇടയായത്. ഇത്തരം അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കുടിവെള്ള പദ്ധതികൾ - പൂർത്തിയായവ കരാർ വെച്ച്

## പരിപാലനച്ചുമതല ഗുണഭോക്തൃകമ്മിറ്റിക്ക് കൈമാറിയില്ല.

2018-19 വർഷത്തിൽ അസി.എഞ്ചിനീയർ പൂർത്തീകരിച്ച താഴെപ്പറയുന്ന കുടിവെള്ള പദ്ധതിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| (i)പ്രോജക്ട് നമ്പർ | 261/18-19 |
| പ്രോജക്ട് | ഞെരക്കാട്ട് കുടിവെള്ള പദ്ധതി |
| ചെലവഴിച്ച തുക | 146699 രൂ , (എസ്.സി.പി) |
| ട്രഷറി ബിൽ നമ്പർ , തുക | 25/31.7.18 , 146699 രൂ |
| എം.ബുക്ക് നമ്പർ | 60/17-18 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 146699 രൂ |
| (ii) പ്രോജക്ട് നമ്പർ | 263/19 |
| പ്രോജക്ട് | ഉണിച്ചം വീട്ടിൽ കുടിവെള്ള പദ്ധതി |
| ചെലവഴിച്ച തുക | 6 ലക്ഷം രൂ ,(ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്) |
| ചെക്ക് നമ്പർ,തുക | 1993643/18.3.19 , 6 ലക്ഷം രൂ |
| എം.ബുക്ക് നമ്പർ | 25/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 792658 രൂ |

പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും കുടിവെള്ള പദ്ധതിയുടെ പരിപാലനം കരാർ വെച്ച് ഗുണഭോക്തൃ കമ്മിറ്റിക്ക് കൈമാറിയതായി കാണുന്നില്ല. 30.05.2009 തിയ്യതിയിലെ സ.ഉ.(സാധാ)1275/2009 /തസ്വഭവ പ്രകാരം ഗുണഭോക്തൃകമ്മിറ്റികൾക്ക് കൈമാറിക്കഴിഞ്ഞ കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചുമതല തദ്ദേശസ്വയമഭരണസ്ഥാപനങ്ങൾക്കില്ല. ആയത് അതാത് ഗുണഭോക്തൃകമ്മിറ്റികളുടെ ചുമതലയാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കിയ ആസ്തികളുടെ പരിപാലനച്ചുമതല ഗുണഭോക്തൃക്കമ്മിറ്റിക്ക് കൈമാറിയ ശേഷം അറിയിക്കേണ്ടതാണ്.

## 1-20 പാലക്കോട്ട് താഴം - എ.കെ.കെ.ആർ.എച്ച്.എസ് റോഡ് പ്രവൃത്തി - അപാകത

2018-19 വർഷത്തിൽ പൂർത്തീകരിച്ച താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 241/18-19 |
| പ്രോജക്ട് | പാലക്കോട്ട്താഴം-- എ.കെ.കെ.ആർ.എച്ച്.എച്ച്.എസ് റോഡ്<br><br>പ്രവൃത്തി |

| | |
|---|---|
| എസ്.സി.പി ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 4 ലക്ഷം രൂ |
| ട്രഷറി ബിൽ നമ്പർ ,തുക | 7/10.7.18 , 4 ലക്ഷം രൂ |
| തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 294459 രൂ |
| ചെക്ക് നമ്പർ,തുക | 9641111 തിയ്യതി 28.7.18 , 294459 രൂ |
| ടി.എസ് നമ്പർ | 94920/2017-18 |
| കരാറുകാരൻ | വി.അഷ്റഫ് |
| എം.ബുക്ക് നമ്പർ | 79/17-18 |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം റോഡിന്റെ ടാറിങ് തകർന്ന ഭാഗം ടാറിങ് ചെയ്യുന്നതിനും മഴക്കാലത്ത് റോഡ്. ഒലിച്ചുപോയി മൺറോഡ് മാത്രം ബാക്കിയായ ചെങ്കുത്തായ ഇടത്ത് കോൺക്രീറ്റ് ചെയ്യുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

ടി.എസ് ലഭിച്ച എസ്റ്റിമേറ്റിലെ താഴെപ്പറയുന്ന ഇനങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്ര നം | പ്രവൃത്തിയുടെ കോഡ് | പ്രവൃത്തി ഇനം | പ്രവൃത്തി ചെയ്യേണ്ട നീളം (മീറ്റർ) | ചെയ്യേണ്ട അളവ് (എം3) | നിരക്ക് |
|---|---|---|---|---|---|
| 1. | 3.14 | Construction of subgrade | 126.7 | 58.34 | 428.59രൂ/എം3 |
| 2. | od258085/2017-18 | Filling up water logged areas with quarry muck | 126.7 | 37.883 | 929.21 രൂ/എം3 |
| 3. | Od256028/2017-18 | Providing concrete 1;2:4 | 126.7 | 56.823 | 7602.42 രൂ/എം3 |

എം.ബുക്ക് പ്രകാരം മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ താഴെപ്പറയുന്നു.

| പ്രവൃത്തി | ചെയ്ത നീളം (മീ) | അളവ് (എം3) |
|---|---|---|
| 3.14 | 77.7 | 75.3 |
| od258085/2017-18 | 128.3 | 36.04 |
| Od256028/2017-18 | 144.2 | 58.225 |

മണ്ണ് ഒലിച്ച പോയ ഭാഗത്ത് മണ്ണും ക്വാറിമക്കും നിറച്ച് സബ് ഗ്രേഡ് നിർമ്മിച്ച ശേഷമാണ് എസ്റ്റിമേറ്റ് പ്രകാരം റോഡ് കോൺക്രീറ്റ് ചെയ്യേണ്ടത്. എന്നാൽ യാതൊരു വിധ സബ് ഗ്രേഡും നിർമ്മിച്ചിട്ടില്ലാത്ത 15.9 മീറ്റർ (144.2 - 128.3) ഭാഗത്തുകൂടി കോൺക്രീറ്റ് ചെയ്തതായി കാണുന്നു. നടപടി സംബന്ധിച്ച് ഫയലിൽ വിശദീകരണമൊന്നും കാണുന്നില്ല. മേൽവിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/18-19 ന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ AE/LSGD /CHNR/Audit/2018 -19 നമ്പർ മറുപടിയിൽ 15.9 മീറ്റർ നല്ല ഉറപ്പുള്ള ഭാഗമായതിനാലാണ് quarry muck ഇടാതിരുന്നതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം പ്രോജക്ട് നിർവ്വഹണ സമയത്ത് ബോധ്യപ്പെട്ടതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റോഡിന്റെ നിലവിലെ അവസ്ഥ പരിശോധിച്ച് അറിയിക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഓഡിറ്റ് സ്ഥലപരിശോധന നടത്തുന്നതാണ്.

## 1-21 തെരുവു വിളക്ക് വാങ്ങൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം. 311/19

അടങ്കൽ : 300000/-രൂപ

ചെലവു തുക : 297500/-(ബിൽ നം. 38/18-19/29.3.2019)

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിലെ കത്താത്ത വിളക്കുകൾ മാറ്റി പുതിയ LED വിളക്കുകൾ വാങ്ങി സ്ഥാപിക്കുന്നതിനാണ് മേൽ പ്രൊക്ട് ലക്ഷ്യമിടുന്നത്. 10.1.2019 ലെ ഭരണ സമിതി തീരുമാനം നം.5(5) പ്രകാരം കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയെ (KELL) നെ തെരെഞ്ഞെടുക്കുകയും എ-2/144/18/17.1.19 പ്രകാരം സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. അതനുസരിച്ച് KEL താഴെ പറയും വിളക്കുകൾ സപ്ലൈ ചെയ്തിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയതി | ഇനം | തുക |
|---|---|---|
| 0926/9.3.2019 | 24 Watt LED Light | 297500 |

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. വിളക്കുകൾ വിവിധ വാർഡുകളിൽ ഏതെല്ലാം സ്ഥലങ്ങളിൽ സ്ഥാപിച്ചുവെന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
2. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ വിളക്കുകളുടെ വിശദാംശം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
3. 25.4.2019 ലെ എ-2/144/18 നമ്പറിലുള്ള സെക്രട്ടറിയുടെ കത്തിൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ച LED വിളക്കുകൾ സംബന്ധിച്ച് പല വാർഡുകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് കാണുന്നു. ഈ പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് KELന്റെ മാനേജരോട് ആവശ്യപ്പെട്ടതായും കാണുന്നു. ഇതിന്മേൽ KELസ്വീകരിച്ച നടപടികളുടെ വിശദാംശം രേഖപ്പെടുത്തിയ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/18-19/21.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 തെരുവു വിളക്ക് പരിപാലനത്തിനായി എ.എം.സി.വെയ്ക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം. : 129/19

അടങ്കൽ : 400000/-രൂപ

ചെലവു തുക : 400000/-രൂപ (ബിൽ നം.39/18-19/29.3.2019)

നിർവ്വഹണം : സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ കേടുവന്ന വൈദ്യുതി വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള എ.എം.സി.യ്ക്കായി ടെണ്ടർ ക്ഷണിച്ചതിൽ സ്റ്റാർ ഇലക്ട്രിക്കൽസ്, കോഴിക്കോട് എന്ന സ്ഥാപനത്തെ തെരെഞ്ഞെടുക്കുകയുണ്ടായി. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1). 11.3.2019 ന് സ്റ്റാർ ഇലക്ട്രിക്കൽസ് സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 2X15 Wat CFL 458 എണ്ണവും, 2X36 Watt Tube 135എണ്ണവും റിപ്പയർ ചെയ്തതിന് യഥാക്രമം 850/-രൂപ, 900/-രൂപ നിരക്കിൽ 510800/-രൂപ നൽകുന്നതിന് അപേക്ഷ സമർപ്പിച്ചതിൽ 400000/-രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 20.5.2017 ൽ കെ.എസ്.ഇ.ബി.നൽകിയ CLR/SL/2016-17 നമ്പർ കത്തു പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 2X40 Watt ന്റെ 246 ട്യൂബുകളും, 2X11 Watt ന്റെ 389 CFLവിളക്കുകളുമാണുള്ളത്. സ്റ്റാർ ഇലക്ട്രിക്കൽസ് സമർപ്പിച്ച ഇൻവോയ്സ് പ്രകാരം 2X15 Wat CFL 458 എണ്ണവും, 2X36 Watt Tube 135എണ്ണവും റിപ്പയർ ചെയ്തുവെന്ന് കാണിച്ചിട്ടുണ്ട്.

മേൽ പറഞ്ഞ ഇൻവോയ്സ് പ്രകാരമുള്ള വിളക്കുകളുടെ എണ്ണം, തരം എന്നിവ തെരുവു വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ഗ്രാമപഞ്ചായത്തു പരിധിയിലുള്ള വിളക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2). 2017 ലെ കേന്ദ്ര സംസ്ഥാന ചരക്ക് സേവന നികുതി നിയമം സെക്ഷൻ 51 പ്രകാരം ലോക്കൽ അതോറിറ്റി, ഗവ. ഏജൻസീസ്, കേന്ദ്ര സംസ്ഥാന സർക്കാർ എന്നിവർക്ക് സെക്ഷൻ 51 പ്രകാരം 2.5 ലക്ഷത്തിൽ അധികരിക്കുന്ന എല്ലാവിധ ഇൻവാർഡ് സപ്ലൈകൾക്കും 2% നികുതി (ടി ഡി എസ്) സ്രോതസിൽ നിന്നു പിടിച്ച് ജി.എസ്.ടി പോർട്ടലിൽ അടവ് വരുത്തേണ്ടതാണ്. എന്നാൽ സ്റ്റാർ ഇലക്ട്രിക്കൽസിന് ബിൽ പ്രകാരം 400000/-രൂപ നൽകിയപ്പോൾ 2% ടി.ഡി.എസ് ആയി 8000/-രൂപ കുറവു ചെയ്യേണ്ടതിനു പകരം 4000/- രൂപ മാത്രമേ കുറവു ചെയ്തിട്ടുള്ളൂ.

ഗ്രാമപഞ്ചായത്ത് പരിധിയിലെ തെരുവുവിളക്കുളിൽ കേടുവന്നവ റിപ്പയർ ചെയ്തപ്പോൾ നിലവിലില്ലാത്ത സ്പെസിഫിക്കേഷനിലും എണ്ണത്തിലുമുള്ള വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ചാണ് തുക കൈപ്പറ്റിയത്. ബിൽ തുക അനുവദിച്ചപ്പോൾ ഇക്കാര്യം പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/18 തീയതി 20.12.2019) സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ, 20.05.2019ൽ കെ.എസ്.ഇ.ബി.ക്ക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള വിളക്കുകളുടെ എണ്ണവും റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണവും തമ്മിലുള്ള വ്യത്യാസം പലതവണ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിനാലാകാമെന്ന് അറിയിക്കുകയുണ്ടായി. മറുപടി അംഗീകരിക്കാവുന്നതല്ല. തെരുവ് വിളക്കുകളുടെ വിശദാംശം തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നിരിക്കെ രേഖപ്പെടുത്തലുകൾ വരുത്താതിരുന്നത് പ്രധാന വീഴ്ചയാണ്. കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട ലഭ്യമാക്കേണ്ടതും തെരുവ് വിളക്ക് രജിസ്റ്ററിൽ വിശദാംശം രേഖപ്പെടുത്തേണ്ടതുമാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 400000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സേവന നികുതി നിയമപ്രകാരം, കുറവു വന്ന ജി.എസ്.ടി.തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 കർഷകർക്ക് പമ്പ് സെറ്റ് വാങ്ങുന്നതിന് സബ്സിഡി- പമ്പ് സെറ്റുകൾ വാങ്ങിയ കാഷ് ബില്ലുകൾ ഹാജരാക്കിയില്ല

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 184/19 |

| | |
|---|---|
| പ്രോജക്ട് | ജലസേചനത്തിന് പമ്പ്സെറ്റ് |
| ചെലവഴിച്ച തുക | 38687 രൂ |
| ട്രഷറിബിൽ നമ്പർ,തിയ്യതി,തുക | കെ.ബി.സി 17/18-19 തിയ്യതി 18.3.19 , 38687 രൂ |

താഴെപ്പറയുന്ന 7 ഗുണഭോക്താക്കൾക്കാണ് 38687 രൂപ ജലസേചന പമ്പ് സെറ്റ് വാങ്ങിയ വകയിൽ സബ്സിഡിയായി വിതരണം ചെയ്തത്.

| ക്ര. നം | ഗുണഭോക്താവ് | ലഭിച്ച സബ്സിഡി തുക (രൂ) |
|---|---|---|
| 1. | ഉദയൻ | 5087 |
| 2. | അനിൽകുമാർ | 6306 |
| 3. | ബാബു.പി.എം | 3336 |
| 4. | കൃഷ്ണൻകുട്ടി | 8113 |
| 5. | രാജൻ.കെ.പി | 6306 |
| 6. | സുധീര | 3824 |
| 7. | ഹരിദാസൻ.എ | 5715 |

എന്നാൽ ഇവർ പമ്പ് സെറ്റ് വാങ്ങിയതിന്റെ കാഷ് ബില്ല് പരിശോധനക്ക് ലഭിച്ചിട്ടില്ല. 14.02.2018 തിയ്യതിയിലെ സ.ഉ.(കൈ)22/2018/ത.സ്വ.ഭ.വ. ഖണ്ഡിക 6.1 ക്രമനമ്പർ 14 പ്രകാരം പുതിയ ജലസേചനപമ്പുകൾ വാങ്ങുമ്പോൾ പൊതുവിഭാഗം കർഷകർക്ക് വിലയുടെ 50 ശതമാനമാണ് (പരമാവധി 10000 രൂ) സബ്സിഡി. സബ്സിഡിയുടെ പരിധി പാലിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്താൻ പമ്പ് വാങ്ങിയതിന്റെ കാഷ്ബില്ലുകൾ പരിശോധിക്കേണ്ടത് ആവശ്യമാണ്.എന്നാൽ ഇവ പരിശോധനക്ക് ലഭിച്ചില്ല. 38687 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-24 കാർഷികരംഗത്തെ പ്രോജക്ടുകൾ - അവലോകനം

2018-19 വർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം താഴെപ്പറയുന്നു.

| ക്ര നം | പ്രോജ: നമ്പർ | പ്രോജക്ട് | ചെലവഴിച്ച തുക (രൂ) | ഫണ്ടുകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 20/19 | തെങ്ങ്കൃഷി വികസനം | 1521195 | വികസന ഫണ്ട് പൊതുവിഭാഗം, ഗുണഭോക്തൃവിഹിതം |
| 2. | 151/19 | നെൽകൃഷി വികസനം | 364000 | വികസനഫണ്ട് പൊതുവിഭാഗം,ബ്ലോ.പ ഫണ്ട്, ജി.പ ഫണ്ട് |
| 3. | 155/19 | വീട്ടുവളപ്പിൽ പച്ചക്കറി കൃഷി (വനിത) | 13125 | വികസന ഫണ്ട് പൊതുവിഭാഗം |
| 4. | 156/19 | ഇടവിള കൃഷി (വനിത) | 520500 | വികസന ഫണ്ട് പൊതുവിഭാഗം |
| 5. | 158/19 | ഗ്രൂപ്പ് പച്ചക്കറി കൃഷി വനിത (വനിത) | 25200 | വികസനഫണ്ട് പൊതുവിഭാഗം, ബ്ലോ.പ ഫണ്ട് |
| 6. | 175/19 | പച്ചക്കറി കൃഷിക്ക് ഗ്രോബാഗ് (വനിത) | 327840 | വികസന ഫണ്ട് പൊതുവിഭാഗം, ഗുണഭോക്തൃവിഹിതം |
| 7. | 176/19 | വാഴകൃഷി (വനിത) | 155250 | വികസന ഫണ്ട് പൊതുവിഭാഗം |
| 8. | 177/19 | കുറ്റിക്കുരുമുളക് കൃഷി | 301760 | വികസന ഫണ്ട് പൊതുവിഭാഗം |
| 9. | 178/19 | പച്ചക്കറി കൃഷി (എസ്.സി) | 1820 | എസ്.സി.പി |
| 10. | 179/19 | വാഴകൃഷി (എസ്.സി) | 6525 | എസ്.സി.പി |
| 11. | 180/19 | പച്ചക്കറി കൃഷി (എസ്.ടി) | 180 | ടി.എസ്.പി |
| 12. | 181/19 | വാഴകൃഷി (എസ്.ടി) | 225 | ടി.എസ്.പി |
| 13. | 184/19 | ജലസേചനത്തിന് പമ്പ്സെറ്റ്. | 77373 | വികസനഫണ്ട്പൊതുവിഭാഗം, ഗുണഭോക്തൃവിഹിതം |
| 14. | 185/19 | മരച്ചീനി കൃഷി | 49400 | വികസന ഫണ്ട് പൊതുവിഭാഗം, ഗുണഭോക്തൃവിഹിതം |

1. ആകെ വകയിരുത്തിയ 4089910 രൂ തുകയിൽ 3364393 രൂ ചെലഴിച്ചിട്ടുണ്ട്. അതായത് 82 ശതമാനം തുക ചെലഴിച്ചു. തുക വകയിരുത്തിയ മുഴുവൻ പ്രോജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. എന്നാൽ എസ്.സി / എസ്.ടി പ്രോജക്ടുകളിൽ വേണ്ടത്ര ഗുണഭോക്താക്കളെ കണ്ടെത്തി പ്രോജക്ടുകൾ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. വാർഷിക പദ്ധതി രൂപീകരണത്തിന് മുന്നോടിയായി തദ്ദേശസ്വയംഭരണസ്ഥാപനം വർക്കിങ് ഗ്രൂപ്പുകളുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള അവസ്ഥാരേഖ കാലോചിതമായി പരിഷ്ക്കരിക്കണം.ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ 29.01.2018 തിയ്യതിയിലെ സ.ഉ.(കൈ)11/2018 /തസ്വഭവ ഖണ്ഡിക 3.12 (സി) പ്രകാരം നല്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ പദ്ധതി നിർവ്വഹണ വിശദാംശങ്ങൾ കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിച്ച അവസ്ഥാരേഖയെ ആധാരമാക്കിയല്ല 2018-19 വർഷത്തെ പ്രോജക്ടുകൾ തയ്യാറാക്കിയത്.

3.നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച മിഷനുകളിൽ ഒന്നായ ഹരിത കേരളം മിഷന്റെ ഉപദൗത്യമാണ് കൃഷിയും ജലസംരക്ഷണവും. ഇത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേഖലാ ചുമതലകളിൽ വരുന്നുണ്ട്.ആയതിനാൽ ഹരിതകേരളം മിഷനിലൂടെ സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യം കൈവരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുഖ്യപങ്ക് വഹിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ 29.1.2018 തിയ്യതി പുറപ്പെടുവിച്ച സ.ഉ.(കൈ)11/2018/തസ്വഭവ, ഖണ്ഡിക നമ്പർ 7.1 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്.

സുരക്ഷിത ഭക്ഷ്യോല്പാദനം, കർഷകർക്ക് മാന്യമായ വരുമാനം ഉറപ്പാക്കൽ, വൻതോതിൽ തൊഴിൽ ലഭ്യമാക്കൽ, സാമ്പത്തികവളർച്ചക്ക് ഗണ്യമായ സംഭാവന നല്കൽ എന്നിവ കാർഷികമേഖലയിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു. ബൃഹത്തായ ഈ മുന്നേറ്റങ്ങൾ കൈവരിക്കുന്നതിന് വേണ്ടി താഴെപ്പറയുന്ന ഉപോത്ബലക പ്രവർത്തനങ്ങളും ഹരിതമിഷൻ വിഭാവനം ചെയ്തിട്ടുണ്ട്.

1. പച്ചക്കറിയിലും നെൽ, പഴവർഗ്ഗങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന തരത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

2. ഗാർഹിക കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടേയും , കീടനാശിനികളുടേയും ഉപയോഗം കുറച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുക.

3. തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തുക .

ഇക്കാര്യത്തിന് സ്വയംസഹായസംഘങ്ങളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തുക .

4. പൊതുസ്ഥലങ്ങളിൽ വ്യാപകമായി കൃഷി ചെയ്ത് ഉല്പാദനം വർദ്ധിപ്പിക്കുക. സ്ഥാപനങ്ങളിലെ പച്ചക്കറികൃഷി, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക .

5. ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വിപണന സംവിധാനം പരിഷ്കരിക്കുക

6. ജലസ്രോതസ്സുകളുടെ ചുറ്റും മരങ്ങൾ വളർത്തുന്നതുൾപ്പടെ കാർഷികപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

7. കൃഷി, മൃഗസംരക്ഷണം എന്നിവയെ പരസ്പരപൂരകങ്ങളായി ഏകോപിച്ചുകൊണ്ട് സംയോജിത കൃഷിരീതി.

8. നെൽകൃഷി ചെയ്യുന്ന വിസ്തൃതി വർദ്ധിപ്പിക്കുക. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുക.

9. വ്യാപകമായ യന്ത്രവല്ക്കരണം പ്രാവർത്തികമാക്കുക.

10.നെല്ല,തെങ്ങ്,പച്ചക്കറി , വാഴ,ചക്ക എന്നിവ പോലുള്ളവയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം.

2018-19 വാർഷിക പദ്ധതി പ്രയോജനപ്പെടുത്തി ഹരിതമിഷന്റെ മേല്പറഞ്ഞ വിശാലമായ ലക്ഷ്യങ്ങൾ കൈവരിക്കുന്നത് പരിപോഷിപ്പിക്കുമാറ് കാർഷിക പ്രോജക്ടുകൾ പഞ്ചായത്തിൽ തയ്യാറാക്കിയതായി കാണുന്നില്ല. സാധാരണയായി തയ്യാറാക്കി നടപ്പാക്കി വരുന്ന വിത്ത്/തൈ /വളം സബ്സിഡി വിതരണ പ്രോജക്ടുകൾ അതേ രീതിയിൽ തന്നെ നടപ്പാക്കുകയാണ് ഈ വർഷവും ചെയ്തിട്ടുള്ളത് .ഹരിത മിഷൻ വിഭാവനം ചെയ്യുന്ന തരത്തിലുള്ള പഞ്ചായത്ത് തലത്തിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 അങ്കണവാടി കുഴൽ കിണറുകൾക്ക് മോട്ടോർ സ്ഥാപിക്കൽ - ഡിപ്പോസിറ്റ് തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന അംഗണവാടികളിലെ കുഴൽ കിണറുകളിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ താഴെ പറയും പ്രകാരം തുക ഡിപ്പോസിററ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് / പ്രൊജക്ട് നം. | ഡിപ്പോസിറ്റ് തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | പാലത്ത് അംഗണവാടി | 245000 | 15/18-19/24.10.2018 |
| 2 | പുളിക്കൽത്താഴം അംഗണവാടി | | |
| 3 | മുതുവാട് അംഗണവാടി | | |
| 4 | കുന്നോത്ത് അംഗണവാടി | 60000 | |
| 5 | എടക്കണ്ടി മീത്തൽ | | |
| | ആകെ | 305000 | |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച പൂർത്തീകരണ സർട്ടിഫിക്കറ്റ് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ഭൂഗർഭ ജലവകുപ്പ് ജില്ലാ ഓഫീസറുടെ 19.8.2019 ലെ ജി.ഡബ്ല്യു./കെ.കെ.ഡി./ടി-1989/2018 നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്ര പ്രകാരം ഡിപ്പോസിറ്റ് തുകയിൽ ചെലവു കഴിച്ച് ബാക്കിയുള്ള 32126/-രൂപ ഭൂഗർഭ ജലവകുപ്പ് ജില്ലാ ഓഫീസർ ഗ്രാമപഞ്ചായത്തിൽ തിരികെ ഒടുക്കിയിട്ടുണ്ട് (ചെക്ക്നം.2937957/16.8.2019). പ്രസ്തുത തുക രശീതി നം.119030500009/16.9.2019 (24372/-രൂപ), 119030500010/16.92019 (7754/-രൂപ) പ്രകാരം തനതുഫണ്ടിൽ വരവു പിടിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിലെ ചെലവഴിക്കാത്ത നീക്കിയിരിപ്പു തുകയായ 32126/-ബന്ധപ്പെട്ട ഹെഡിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## **1-26** ഫ്രണ്ട് ഓഫീസ് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ - സ്റ്റീൽ ഫർണ്ണിച്ചർ വാങ്ങിയത് ക്രമപ്രകാരമല്ല

പ്രൊജക്ട് നം. 322/19

അടങ്കൽ : 60000/-രൂപ

ചെലവു തുക : 19928/-രൂപ

നിർവ്വഹണം : സെക്രട്ടറി

മേൽ പ്രൊജക്ട് പ്രകാരം ഫ്രണ്ട് ഓഫീസ് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി കേരള ആർട്ടിസാൻ ഡവലപ്മെന്റ് കോർപറേഷനിൽ നിന്നും ഇൻവോയ്സ് നം.NRO/SALES /746/15.3.2019 പ്രകാരം സ്റ്റീൽ ഫ്രെയിമുള്ള എയർപോർട്ട് ചെയർ 2 എണ്ണം (5' X16"X30" 3 seated) വാങ്ങിയതിന് ജി.എസ്.ടി.ഉൾപ്പെടെ 19928/-രൂപ നൽകിയിട്ടുണ്ട്.

ജി.ഒ.(ആർ.ടി.)62/2016/SPD/3.12.2016 പ്രകാരം ടെണ്ടർ /ക്വട്ടേഷൻ നടപടിക്രമങ്ങൾ കൂടാതെ സർക്കാർ/പൊതുമേഖല/തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാഡ്കോയിൽ നിന്നും ഫർണ്ണിച്ചറുകൾ വാങ്ങാവുന്നതാണ്. ജി.ഒ.(ആർ.ടി.) 59/2017/SPD/20.10.2017 ഉത്തരവുപ്രകാരം KADCO സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ അംഗീകൃത വിലവിവര പട്ടിക സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ മേൽപ്രകാരം വാങ്ങിയ എയർപോർട്ട് ചെയർ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. ഈ ലിസ്റ്റിൽ ഉൾപ്പെടാത്ത ഫർണ്ണിച്ചറുകൾ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിധേയമായി ടെണ്ടർ /ക്വട്ടേഷൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വാങ്ങേണ്ടതാണെന്ന് മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി ഫർണ്ണിച്ചർ വാങ്ങിയതിന് ചെലവഴിച്ച 19928/-രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

## 1-27 അങ്കണവാടി പൂരക പോഷകാഹാര പരിപാടി- ഗ്യാസ് സബ്സിഡിയായി ലഭിക്കുന്ന തുക തിരികെ അടവാക്കുന്നില്ല

അങ്കണവാടി പൂരക പോഷകാഹാര പരിപാടിയുടെ നടത്തിപ്പിനായി പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് തുക അനുവദിച്ചുവരുന്നുണ്ട്. ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ കണക്കനുസരിച്ച്, ഗ്രാമ പഞ്ചായത്ത് പരിധിയിൽപ്പെട്ട 27 അങ്കണവാടികളിലെ പാചക ആവശ്യത്തിന് ഉപയോഗിക്കുന്ന ഗ്യാസ് സിലിണ്ടറുകൾക്ക് 2015-16 മുതൽ സബ്സിഡി ലഭിച്ചു വരുന്നുണ്ട്. ഈ തുക അങ്കണവാടി വർക്കറുടെയും ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും പേരിൽ ഫ്ലക്സി ഫണ്ട് അക്കൗണ്ടുകളിലാണ് ക്രഡിറ്റ് ചെയ്യപ്പെടുന്നത്. ഇതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| വർഷം | തുക | റിമാർക്സ് |
|---|---|---|
| 2015- 2019(ഓഡിറ്റ് തിയതി വരെ) | 63007 | 27 അങ്കണവാടികളിലെ ഫ്ലക്സി ഫണ്ട് അക്കൗണ്ടുകളിൽ ക്രഡിറ്റ് ചെയ്യപ്പെട്ട ആകെ തുക |

നിഷ്ക്രിയമായി കിടക്കുന്ന ഈ തുക അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടവാക്കാൻ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്ക്

പൊതു വിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചികൾക്കനുസൃതമായി പരമാവധി വികസിപ്പിക്കാനുള്ള സമൂഹത്തിന്റെ പൊതു ആസ്തികളായി സ്കൂളുകളെ മാറ്റുകയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. ഇതിന് പര്യാപ്തമായ രീതിയിൽ പൊതു വിദ്യാലയങ്ങളിലെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തി വിദ്യാർത്ഥികളുടെ അറിവ്, നൈപുണികൾ, മനോഭാവം എന്നിവ ലോകോത്തര നിലവാരത്തിലേക്കുയർത്തണം.

ഓരോ തദ്ദേശ ഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള പ്രീ പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിയമ ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്. ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ മേൻമയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഓരോ പൊതു വിദ്യാലയത്തിലും ഉറപ്പാക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനാവശ്യമായ വാർഷികപദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി വിദ്യാഭ്യാസ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പൊതു വിദ്യാഭ്യാസ സംരക്ഷണ മിഷന്റെ കർമ്മസേനയായി പ്രവർത്തിക്കുന്നതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ, മേൽ പറഞ്ഞ പദ്ധതി ലക്ഷ്യം സാക്ഷാത്കരിക്കുന്ന വിധത്തിലുള്ള ചർച്ചകളോ, നിർദ്ദേശങ്ങളോ വർക്കിംഗ് ഗ്രൂപ്പിൽ നടന്നു കാണുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 3 സർക്കാർ സ്കൂളുകൾ ഉൾപ്പെടെ പതിനൊന്നോളം പ്രൈമറി വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. സർക്കാർ സ്കൂളുകളിൽ ഒരെണ്ണം യു.പി.സ്കൂളും, രണ്ടെണ്ണം

എൽ.പി.സ്കൂളുകളുമാണ്.

2018-19 ൽ വിദ്യാഭ്യാസമേഖലയിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ്.എസ്.എ.വിഹിതം നൽകൽ | 600000/- | 600000/- (വികസന ഫണ്ട്) |
| 2 | സ്കൂൾ വിദ്യാർത്ഥികൾക്ക് നാടക പരിശീലനം | 50000/- | 50000/- (തനതു ഫണ്ട്) |
| 3 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ കിറ്റ് | 60000/- | 7996/- (എസ്.സി.പി.ഫണ്ട്) |
| 4 | തുടർ സാക്ഷരത | 25000/- | 24411/- (തനത് ഫണ്ട്) |

മേൽ പ്രൊജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് പര്യാപ്തമല്ല. ക്ലാസ് മുറികൾ ഹൈടെക് ക്ലാസ് മുറികളാക്കുകയും ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യമുൾപ്പെടെ വിദ്യാർത്ഥികളിൽ ആശയവിനിയമ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതുവിദ്യാലയങ്ങളിൽ ഏറെക്കുറെ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിട്ടും കുട്ടികളുടെ അഡ്മിഷൻ വേണ്ടത്ര രീതിയിൽ ഇല്ലെന്നിരിക്കെ ലബോറട്ടറി, ലൈബ്രറി, കലാ-കായിക പഠനസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്ന പ്രൊജക്ടുകൾ അനിവാര്യമാണ്. എസ്.എസ്.എ.വിഹിതം നൽകുന്നതിന് മുന്നോടിയായി പ്രൊജക്ട് സംബന്ധിച്ച വിശദമായ ചർച്ചകൾ വർക്കിംഗ് ഗ്രൂപ്പിലോ മറ്റു കമ്മിറ്റികളിലോ നടത്തിയതായി കാണുന്നില്ല.

വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കേണ്ടതാണെങ്കിലും അത്തരം ചർച്ചകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല. പ്രൊജക്ട് ഫയലുകളോടൊപ്പം മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകളും സൂക്ഷിച്ചിട്ടില്ല. ആയത് കൊണ്ട് തന്നെ നടപ്പാക്കിയ പ്രൊജക്ടുകൾ എത്രത്തോളം പ്രയോജനപ്രദമായി എന്നും പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യം നേടുന്നതിൽ വിജയിച്ചോ എന്നും പരിശോധിക്കപ്പെടുന്നില്ല.

പ്രൊജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം നിറവേറ്റാനുതകുന്ന പ്രൊജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രൊജക്ടുകൾ പദ്ധതി നടത്തിപ്പ വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്.

## 1-29 ശമ്പള കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല.

സ.ഉ. (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ചേളന്നൂർ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശിക(3-ആം ഗഡു) പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, നാലാം ഗഡു പണംമായി കൈപ്പറ്റുകയും സ.ഉ.(പി)നം 146/2018 തിയതി 16/09/2018) ചെയ്തിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| വൗച്ചർനം/തിയ്യതി | തുക |
|---|---|
| 21800087/07-5-18 | 18056 |
| 21800088/07-05-2018 | 224115 |
| 21800538/04-10-2018 | 282038 |

മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പളകുടിശ്ശിക 3-ാം ഗഡു പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും, 4-ാം ഗഡു കൈപറ്റുകയും ചെയ്തുവെങ്കിലും, ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സർക്കാറിലേക്ക് അടവാക്കേണ്ടതുമാണ്.

## 1-30 ആർദ്രം പദ്ധതി-ഒരു അവലോകനം

സർക്കാർ ആശുപത്രികളുടെ വിപുലീകരണം, പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുക, ജീവിത ശൈലി രോഗങ്ങളിൽ നിന്നും പരിരക്ഷ, കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുക, നഴ്സിംഗ് വിദ്യാഭ്യാസ രംഗത്ത് അന്താരാഷ്ട്ര നിലവാരം, ആരോഗ്യ സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് താഴെ തട്ടിൽ നിന്നും തന്നെയുള്ള നിയന്ത്രണം എന്നിവയാണ് ആർദ്രം പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. ആർദ്രം പദ്ധതി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മരുന്ന് ലഭ്യത ഉറപ്പു വരുത്തുകയും സാംക്രമികേതര രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ, തുടർ ചികിത്സ എന്നിവയ്ക്ക് ഊന്നൽ നൽകുകയും ചെയ്യുന്നതാണ്. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്.

ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ ആരോഗ്യ മേഖലയിൽ മരുന്ന് വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികളും പി.എച്ച്.സി യും പ്രവർത്തിക്കുന്നുണ്ട്. ആർദ്രം പദ്ധതി നടപ്പിലാക്കുക വഴി പി.എച്ച്.സി കുടുബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടില്ല.

## 1-31 ലൈഫ് മിഷൻ ഭവന പദ്ധതി : അവലോകനം

അടുത്ത അഞ്ച് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മുഴുവൻ ഭവനരഹിതർക്കും വീട് വെച്ചു കൊടുക്കുവാനും തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹ്യ പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകുന്നതിനുള്ള സംവിധാനം ഒരുക്കുക എന്ന ഉദ്ദേശത്തോടെയും സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ദൗത്യമാണ് ലൈഫ് മിഷൻ . സാമ്പത്തിക സേവനങ്ങളുൾപ്പെടെയുള്ള എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടേയും പ്രയോജനം ഗുണഭോക്താക്കളിൽ കേന്ദ്രീകരിക്കാനുതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതും ലൈഫ് മിഷന്റെ ലക്ഷ്യങ്ങളിൽ പ്പെടുന്നു. സ്വന്തമായി ഭൂമിയുള്ള ഭവന രഹിതർ, ഭവന നിർമ്മാണം ഭാഗികമായി മാത്രം പൂർത്തിയാക്കി ഭവന രഹിതരായി തുടരുന്നവർ, വാസയോഗ്യമല്ലാത്ത വീടുള്ളവർ, പുറംമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ,ഭൂമിയില്ലാത്ത ഭവന രഹിതർ എന്നിവരാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കൾ.

ചേളന്നൂർ ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം അർഹരായ 82 ഗുണഭോക്താക്കളിൽ അഗ്രിമെന്റ് വെച്ച 81 പേരുടേയും വീടുകൾ

പൂർത്തീകരിക്കാൻ കഴിഞ്ഞു. എസ്.സി വിഭാഗത്തിൽപ്പെട്ട 11 ഗുണഭോക്താക്കളും ജനറൽ വിഭാഗത്തിൽപ്പെട്ട 71 പേരുമായിരുന്നു അപേക്ഷകർ. ഭവന പദ്ധതിക്കായി പ്ലാൻ ഫണ്ടിനത്തിൽ 4500000 ലക്ഷം വകയിരുത്തിയതിൽ 4468906 രൂപ ചെലവഴിച്ചു. കൂടാതെ ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 1151094 രൂപയും ബ്ലോക് വിഹിതമായി ലഭിച്ച 700900 രൂപയും ഈ പദ്ധതിക്കായി ചിലവഴിച്ചിട്ടുണ്ട്. ഹഡ്കോയിൽ നിന്ന് 15143639 രൂപ ഈ ആവശ്യത്തിലേക്കായി ലോൺ എടുത്തതിൽ 15140000 രൂപയും ചെലവഴിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിൽ ഈ വർഷം 162 അപേക്ഷകൾ ലഭിച്ചതിൽ 71 ഗുണഭോക്താക്കൾ മാത്രമാണ് അർഹരായിട്ടുള്ളത്.കൂടാതെ 30 എസ്.സി അപേക്ഷകൾ ലഭിച്ചതിൽ 11ഗുണഭോക്താക്കൾ മാത്രമാണ് ലൈഫ് മിഷൻ ഭവന പദ്ധതിക്ക് അർഹരായിട്ടുള്ളത്.

## 1-32 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യകുറവ് - പരിഹാര നടപടികൾ സ്വീകരിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-03-2017 ലെ ജി.ഒ (എം.എസ്) 72/2017/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 12.13.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ രേഖകൾ പ്രകാരം ചേളന്നൂർ ഗ്രാമപഞ്ചായത്തിൽ അങ്കണവാടികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഗ്രാമപഞ്ചായത്തിൽ ആകെയുള്ള അങ്കണവാടികൾ | 34 |
| കുടിവെള്ള സൗകര്യം ഇല്ലാത്ത അങ്കണവാടികൾ | 8 |
| ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾ | 4 |

സ്വന്തമായി കുടിവെള്ള സൗകര്യമില്ലാത്ത 8 ഉം, ചുറ്റുമതിൽ ഇല്ലാത്ത 4 അംഗനവാടികളും പഞ്ചായത്തിൽ നിലവിലുണ്ട് ഇവയുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധ പുലർത്തിയിട്ടില്ല. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-33 വെള്ളക്കരം അധികമായി നൽകുന്നു

ചേളന്നൂർ ഗ്രാമ പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തിൽ നടത്തിയ പൊതുടാപ്പുകളുടെ സംയുക്ത പരിശോധനയിൽ 28 ടാപ്പുകൾ പഞ്ചായത്തിന്റെ വിവിധയിടങ്ങളിലായിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. വെള്ളക്കരമിനത്തിൽ പഞ്ചായത്ത് തനതുഫണ്ടിൽ നിന്നും പ്രതിമാസം 13563 രൂപ വാട്ടർ അതോറിറ്റിയിലേക്ക് അടവാക്കുന്നുണ്ട്. ജി.ഒ.(എം.സ്) N0 88/2014/WRD TVPM dated. 25/09/2014 നമ്പർ പ്രകാരം പഞ്ചായത്ത് പൊതു

ടാപ്പ് ഒന്നിന് 5250രൂപയാണ് പ്രതിവർഷം അടവാക്കേണ്ടത്. എന്നാൽ പഞ്ചായത്ത് ഈയിനത്തിൽ അധികം തുക നൽകിയതായി കാണുന്നു.

| | |
|---|---|
| അടവാക്കേണ്ട തുക (28x5250) | 147000 |
| അടവാക്കുന്ന തുക (13563x12) | 162756 |
| അധികം നൽകുന്ന തുക | 15756 |

അധികമായി തുക നൽകാനുണ്ടായ കാരണം പരിശോധിക്കേണ്ടതും അധികം നൽകിയ തുക ഭാവിയിലെ വെള്ളക്കരത്തിൽ നിന്നും ക്രമീകരിക്കേണ്ടതാണ് .

## 1-34 സംയുക്തപ്രോജക്ടുകൾ- വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല

ഗ്രാമപഞ്ചായത്ത് 2018-19 ൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുമായി സംയുക്തമായി നടപ്പാക്കിയ പദ്ധതികളിൽ വിനിയോഗിക്കാതെ ബാക്കി നിൽക്കുന്ന തുക അതാതു തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.സി) | 28000 | 2000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 375000 | പട്ടിക ജാതി യുവതികൾക്ക് സ്വയം തൊഴിൽ ധനസഹായം | 127675 | 247325 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 400000 | കാക്കൂർമല കുടിവെള്ള പദ്ധതി | 185728 | 214272 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ചെറുനഞ്ചിയിൽ കുടിവെള്ള പദ്ധതി | 471345 | 28655 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | തൊഴിലുറപ്പ് പദ്ധതി ബ്രിക്സ് നിർമ്മാണത്തിന് മെഷിനറി വാങ്ങൽ | 0 | 350000 |
| ജില്ലാപഞ്ചായത്ത് | 2018-19 | 1000000 | അംബേദ്കർ കുടിവെള്ള പദ്ധതി | 290991 | 709009 |
| ആകെ | | | | | 1551261 |

ജി.ഒ.(പി)നം.7/2017/ധനം/23.01.17, ജി.ഒ.(പി)നം119/2015/ ധനം/21.03.15 എന്നിവയനുസരിച്ച് സംയുക്ത പ്രോജക്ടുകളുടെ വിഹിതം വിനിയോഗിച്ചില്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് തിരിച്ചു നൽകേണ്ടതാണ്. തുക തിരികെ അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/18-19/20.12.2019) മറുപടി ലഭിച്ചിട്ടില്ല. പഞ്ചായത്തു ഫണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന ബ്ലോക്ക്/ജില്ലാപഞ്ചായത്ത് വിഹിതം തിരികെ ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ നടപ്പ് വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ചെലവുകൾ

പരിശോധനക്ക് വിധേയമാക്കുകയുണ്ടായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ബില്ലുകളും അവയുടെ വൗച്ചറുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അവയുടെ വിശദാംശം താഴെ ചേർക്കുന്നു.

| Project No. | Bill no and particulars of the bill | Gross amount | Bill date |
|---|---|---|---|
| 208/19സാന്ത്വനപരിചരണം കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം(SO) | 01/pain &palliative | 98488 | 11-05-2018 |
| 25/19 സാന്ത്വന പരിചരണം കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം | 02/pain &palliative | 62782 | 14-06-2018 |
| 26/19 പകർച്ചവ്യാധി നിയന്ത്രണം | 03/communicable disease | 5500 | 14-06-2018 |
| 25/19 സാന്ത്വന പരിചരണം കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം | 04/pain &palliative | 65796 | 21-08-2018 |
| 26/19 പകർച്ചവ്യാധി നിയന്ത്രണം | 05/communicable disease | 7200 | 21-08-2018 |
| 25/19 സാന്ത്വന പരിചരണം കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം | 06/pain &palliative | 35000 | 22-09-2019 |
| 25/19 സാന്ത്വന പരിചരണം കിടപ്പിലായ രോഗികൾക്ക് ഗൃഹ പരിചരണം | 08/pain &palliative | 27300 | 06-10-2018 |
| ആകെ | | 302066 | |

തൻ വർഷം മെഡിക്കൽ ഓഫിസർ നടപ്പിലാക്കിയ പദ്ധതികളുടെ ആകെ ചെലവു തുക 645895/- രൂപയാണ് ഇതിൽ 343829/- രൂപയുടെ വൗച്ചറുകളാണ് പരിശോധനക്ക് ഹാജറാക്കിയിട്ടുള്ളത് 302066/- രൂപയുടെ വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇത് ഗുരുതരമായ വീഴ്ച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. വൗച്ചറുകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവു തുക 302066/- രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണയിച്ചതിലെ അപാകതകൾ- നികുതി നഷ്ടം സംഭവിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമാണം പൂർത്തിയായതും തറ വിസ്തീർണം അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന,100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത് .ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/ കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | തറ വിസ്തീർണം (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കിയ നികുതി (ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്സ്) (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10%എന്നിവ അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കണ്ട നികുതി(ഇളവുകളും വർധനവും അടക്കം)+ ലൈബ്രറി സെസ്) (വഴി സൗകര്യം 20%വർദ്ധനവ്, മേൽക്കൂര ഇളവ് 10%എന്നിവ അടക്കം) | നഷ്ടം |
|---|---|---|---|---|---|---|
| പ്രേംജിത്ത്, പ്രണ്ജള പ്രേം നിവാസ്, ചേളന്നൂർ, ചേളന്നൂർ, 673616, (നികുതി പ്രാബല്യത്തിൽ വരുന്ന തിയതി- 2015ഒന്നാം അർദ്ധവർഷം മുതൽ) | 108.59 | 30 | 3584+180=3764 | 50 | 5973+299=6272 | 2015-16=2508<br>2016-17=2508<br>2017-18=2508<br>2018-19=2508<br>Total=10032 |

മേൽ അപാകതക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ അന്വേഷണക്കുറിപ്പിനു നൽകിയ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കാമെന്ന് ബോധിപ്പിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ നികുതി പുനർ നിർണയിക്കേണ്ടതും, പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം 10032/- രൂപ (വസ്തു നികുതി 2389 x 4 = 9556, ഗ്രന്ഥശാലാവരി 119 x 4 = 476, ആകെ = 10032) തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പൊതുമരാമത്ത് പ്രവൃത്തിയിൽ കരാർ വെക്കുന്നതിൽ കാലതാമസം - പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 66/19 |
| പ്രോജക്ട് | മൂത്താനത്ത്താഴം പേരാറ്റിൽകുന്ന് നടപ്പാത |
| ചെലവഴിച്ച തുക | 627122 രു |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ട്രഷറിബിൽ നമ്പർ,തിയ്യതി ,തുക | 74/20.3.2019 , 627122 രു |
| എം.ബുക്ക് നമ്പർ | 118/18,126/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 627122 രു |
| ടെണ്ടർ തുറന്ന തിയ്യതി | 22.10.18 |
| ടെണ്ടർ അംഗീകരിച്ച ഭരണസമിതി തീരുമാനം | 1/1 തിയ്യതി 7.11.2018 |
| എഗ്രിമെന്റ് നമ്പർ | ae/chr/59/18-19 തിയ്യതി 1.12.18 |
| കരാറുകാരൻ | എം.രാമചന്ദ്രൻ |
| പി.എ.സി തുക | 698335 രു |

7.11.2018 തിയ്യതിയിൽ ഭരണസമിതി ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെങ്കിലും കരാറുകാരനുമായി കരാർ വെക്കുന്നത് 1.12.2018 തിയ്യതിയിലാണ്. 1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/pwd പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെസക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയ്യതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കേണ്ടതുണ്ട്.14 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ പി.എ.സി തുകയുടെ 1 ശതമാനം പിഴ ഈടാക്കിക്കൊണ്ടാണ് അടുത്ത 10 ദിവസത്തിനുള്ളിൽ കരാർ വെക്കേണ്ടത്.എന്നിട്ടും കരാർ വെക്കാത്ത പക്ഷം കരാർ റദ്ദാക്കണം. ഇവിടെ കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചതായി ഫയലിൽ കാണുന്നില്ല.ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/18-19 - ന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ AE/LSGD/CHNR/Audit /2018-19 മറുപടിയിൽ അറിയിച്ചിരിക്കുന്നത്, 7.11.2018 തിയ്യതിയിൽ ടെണ്ടർ ഭരണസമിതി അംഗീകരിച്ചെങ്കിലും തീരുമാനത്തിന്റെ പകർപ്പ് എ.ഇ യുടെ ഓഫീസിൽ ലഭ്യമായത് 22.11.18 തിയ്യതിയാണെന്നും ഈ തിയ്യതി മുതൽ 14 ദിവസത്തിനകം എഗ്രിമെന്റ് വെച്ചിട്ടുണ്ട് എന്നുമാണ്. പഞ്ചായത്ത് ഓഫീസും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസും ഒരേ കെട്ടിടത്തിന്റെ താഴെയും മുകളിലുമായി സ്ഥിതി ചെയ്യുന്ന സാഹചര്യത്തിൽ ഇത്തരം മറുപടി അംഗീകരിക്കുവാൻ പ്രയാസമുണ്ട്. 22.10.2018 ന് തുറന്ന ടെണ്ടർ 7.11.2018 ന് ഭരണസമിതി അംഗീകരിച്ചിട്ടും കരാറുകാരന് സെലക്ഷൻ നോട്ടീസ് അയക്കാത്തതും , നിർദ്ദിഷ്ട സമയപരിധിയിൽ വൈകി കരാർ വെക്കാൻ ഇടയായതും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള പിഴവാണ്. 6983 രു പിഴ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും പിഴ ഈടാക്കിയില്ല

2018-19 വർഷത്തിൽ അസി.എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| (i) പ്രോജക്ട് നമ്പർ | 223/18-19 |
| പ്രോജക്ട് | കോരപ്പച്ചംകുഴികോളനി ഫുട്പാത്ത്(കോൺക്രീറ്റ്) |
| ചെലഴിച്ച തുക | 95540 രൂ |
| ട്രഷറി ബിൽ നമ്പർ,തുക | 11/18-19 തിയ്യതി 10.7.18 ,തുക 95540 രൂ |
| എം.ബുക്ക് നമ്പർ | 91/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 95540 രൂ |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | ae/chr/122/15-16 തിയ്യതി 3.3.16 |
| കൺവീനർ | ഭാസ്കരൻ , തമ്പിലാളിമീത്തൽ , ചേളന്നൂർ |
| പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 9.5.18 |
| പി.എ.സി തുക | 93536 രൂ |

മേൽ പ്രോജക്ടിൽ വെറും 39 മീറ്റർ കോൺക്രീറ്റ് ഫുട്പാത്ത് നിർമ്മിക്കുകയാണ് ചെയ്തത്. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് അസി.എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചതായൊന്നും കാണുന്നില്ല. ഏകദേശം രണ്ട് വർഷത്തോളമെടുത്താണ് ഈ പ്രവൃത്തി പൂർത്തിയായത്. പ്രവൃത്തി പൂർത്തീകരണ കാലാവധി ഫയലിലിലോ കരാറിലോ വ്യക്തമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലാവധി വ്യക്തമാക്കാതെ പൊതുമരാമത്ത് പ്രവൃത്തി ഏല്പിച്ചു കൊടുത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള പിഴവാണ്. (ഇത്തരം പ്രവൃത്തികളിൽ പരമാവധി വേണ്ടിവരുന്ന കാലാവധിയും കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മറിച്ചുള്ള പരാമർശങ്ങളൊന്നും ഫയലിൽ കാണുന്നില്ല.)

| | |
|---|---|
| (ii) പ്രോജക്ട് നമ്പർ | 272/19 |
| പ്രോജക്ട് | പൂക്കോട്ട്മല കോളനി റോഡ്(ടാറിങ്) |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ട്രഷറിബിൽ നമ്പർ,തുക | 77/20.3.19 , 2 ലക്ഷം രൂ |
| എഗ്രിമെന്റ് നമ്പർ ,തിയ്യതി | 60/17-18തിയ്യതി 16.2.18 |
| എം.ബുക്ക് നമ്പർ | 109/18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 2 ലക്ഷം രൂ |
| പ്രവൃത്തിപൂർത്തീകരിച്ച തിയ്യതി | 4.2.19 |
| കരാറുകാരൻ | റിതു.എം.വി |
| പി.എ.സി തുക | 198755 രൂ |

പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കുറിച്ച് കരാറിലോ , ഫയലിലോ ഒരു പരാമർശവുമില്ല. PRICE സോഫ്റ്റ് വെയർ പ്രകാരം ടെണ്ടർ ഷെഡ്യൂൾ എസ്റ്റിമേറ്റിൽ പ്രവൃത്തിയുടെ proposed duration (പ്രോജക്ട് നമ്പർ 319/17-18 , ഫയൽ ഐ.ഡി നമ്പർ 2017/71803) 6 മാസം എന്ന് കാണിച്ചിട്ടുണ്ട്. കരാർ പ്രകാരം കരാർ തിയ്യതി മുതൽ 10 ദിവസത്തിനുള്ളിൽ പ്രവൃത്തി സ്ഥലം ഏറ്റുവാങ്ങുകയും 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്യേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ , അസി.എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിച്ചതായി ഫയലിൽ കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല.

1.02.2012 തിയ്യതിയിലെ ജി.ഒ.(പി)13/2012/pwd നമ്പർ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം ആദ്യതവണ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് പി.എ.സി (probable amount of contract) തുകയുടെ ഒരു ശതമാനവും ആദ്യതവണക്ക് ശേഷം 2 ശതമാനവും പിഴ ഈടാക്കേണ്ടതുണ്ട്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അവയുടെ തുക നല്കാവുന്നതല്ല. ഇത്തരം പ്രവൃത്തികളിൽ പരമാവധി ഈടാക്കേണ്ട പിഴ (പി.എ.സി തുകയുടെ 3 ശതമാനം) ക്രമനമ്പർ (i) പ്രവൃത്തിയിൽ 2806 രൂപയും ക്രമനമ്പർ (ii) പ്രവൃത്തിയിൽ 5963 രൂപയും ഈടാക്കേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി നമ്പർ 17/18-19 – ന് അസിസ്റ്റന്റ് എഞ്ചിനീയർ നല്കിയ AE/LSGD/CHNR/Audit/2018-19 നമ്പർ മറുപടിയിൽ പറയുന്ന കാരണങ്ങളൊന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയതായോ , പ്രവൃത്തി ദീർഘീകരണത്തിന് ഇവ കാരണങ്ങളായി അറിയിച്ചുകൊണ്ട് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചതായോ കാണുന്നില്ല. പ്രവൃത്തി നിർവ്വഹണത്തിനിടെ ബോധ്യപ്പെടാതിരുന്ന കാരണങ്ങൾ പിന്നീട് അംഗീകരിച്ചുകൊണ്ട് പിഴ ഈടാക്കുന്നത് ഇളവ് ചെയ്യാൻ നിർവ്വാഹമില്ല. മേൽ നിർണയിച്ച പിഴ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15-07-19--16-07-19 | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/887/19(10) തി. 27-07-19 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | | നെൽക്കൃഷി വികസനം കൂലി ചെലവ് | | 0 |
| | | | മിൽക്ക് ഇൻസന്റീവ് | | 0 |
| | | | | | |
| | | | ലൈഫ് ഭവന നിർമാണം-ജനറൽ | | 0 |
| | | | ലൈഫ് ഭവന നിർമാണം എസ് സി പി | | |
| | | | ലൈഫ് ഭവന നിർമാണം ടി എസ് പി | | |

| | | | | | |
|---|---|---|---|---|---|
| | | | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | | നെൽക്കൃഷി വികസനം | | 0 |
| | | | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | | 0 |
| | | | അങ്കണവാടി പോഷകാഹാര പദ്ധതി | | 0 |
| | | | മിൽക്ക് ഇൻസന്റീവ് | | 0 |
| | | | മിൽക്ക് ഇൻസന്റീവ്(വനിത) | | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1.കെ.വൈ.ഐ.പി. | മുതുവാട്ട് താഴം കൾവർട്ട് പുനർ നിർമ്മാണം 301/19 | 410000 ബിൽ നമ്പർ 23/18-19 തീയതി 23.01.19 | - | 410000 |
| 2.കെ.വൈ.ഐ.പി. | കക്കോടി ബ്രാഞ്ച് കനാലിന്റെ അരീപ്പൊയിൽ കൈതക്കോട്ട് കനാൽ റോഡ് ഭാഗം ഡ്രെയിനേജ് നിർമ്മാണം | 100000 ബിൽ നമ്പർ 21800993 തീയതി 25.01.19 | - | 100000 |
| 3.കെ.വൈ.ഐ.പി. | 8/2 കനാൽ റോഡ് റീടാറിംഗ് | 400000 ബിൽ നമ്പർ 22/18-19 തീയതി 23.01.19 | - | - |
| 4.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | അങ്കണവാടികളിലെ കുഴൽക്കിണറുകളിൽ മോട്ടോർ സ്ഥാപിക്കൽ | 305000 ബിൽ നമ്പർ 15/18-19 തീയതി 24.10.18 | 272874 | 32126 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,82,104 |
| തൻവർഷം നിക്ഷേപിച്ച തുക | 88729 |
| ആകെ | 1670833 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1670833 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | FD 100211807520115 | ലഭ്യമല്ല | - | 805152 | |
| 2 | FD 100211807520130 | ലഭ്യമല്ല | - | 512541 | |
| 3 | FD 100211807520129 | ലഭ്യമല്ല | - | 353140 | |
| ആകെ | | | | 1670833 | |

## 4-6 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ ലഭിച്ചതിന്റെയും, തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.നം .533/16/ എൽ.എസ്.ജി.ഡി തി 18.2.11 | ഇല്ല | 330686 | 330686 | - | 0 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ. എം എസ് നം 68/2018 ത.സ്വ ഭ വ തിയതി 18-05-2018 | 15143639 | 0 | 0 | 0 | 15143639 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2003-04 | 11.13.3.3 (പൊതുപരാമർശം) | വ്യക്തികൾ വിട്ടുകൊടുത്ത ഭൂമിയിൽ വാട്ടർ സപ്ലൈ സ്കീം | ലഭ്യമല്ല |
| 2000-01 plan fund AR | 12 | 2003-04 | 11.13.5.15 (പൊതുപരാമർശം) | മൈത്രി ഭവന പദ്ധതി | ലഭ്യമല്ല |
| 1999-00 | - | 2004-05 | 11.1.3.33 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2000-01 | - | 2004-05 | 11.1.3.36 (പൊതുപരാമർശം) | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2005-06 | 3-8 | 2008-09 | 3.6.2 | കൊപ്ര ഡ്രയർ മില്ലിംഗ് യൂണിറ്റ് സ്ഥാപിക്കൽ | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 121967899 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 111590232 |
| വരവിനങ്ങളിലുള്ള നഷ്ടം | 9556 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15752 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1010014 |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 9556 | | ശ്രീ. പ്രദീപ് കുമാർ, സെക്രട്ടറി |
| 3-1 | - | 6983 | ദീപ്തി. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 2806<br>5963 | ദീപ്തി. പി.കെ, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 249333 | ദീപ്തി. സി. കെ, അസിസ്റ്റന്റ് എഞ്ചിനീയറ് |
| 1-22 | 400000 | പ്രദീപ് കുമാർ എം, സെക്രട്ടറി |
| 1-23 | 38687 | ദിലീപ്കുമാർ അഗ്രികൾച്ചറൽ ഓഫീസർ |
| 1-26 | 19928 | പ്രദീപ് കുമാർ എം, സെക്രട്ടറി |
| 1-35 | 302066 | സരിത പുരുഷോത്തമൻ, മെഡിക്കൽ ഓഫിസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| | |
|---|---|
| ഖണ്ഡിക 1-22 | ജി.എസ്.ടി. 4000 രൂപ |
| ഖണ്ഡിക 2-1 | ഗ്രന്ഥശാലാവരി 476 രൂപ |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|

| | |
|---|---|
| 1-14,<br>1-16,<br>1-17<br>3-1<br>3-2 | ദീപ്തി സികെ,<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>രമണിക (വീട്)<br>വിരുതിശ്ശേരു വയൽ<br>പുതിയങ്ങാടി പി ഒ,<br>കോഴിക്കോട്-673021 |
| 1-22<br>1-26<br>2-1 | ശ്രീ. പ്രദീപ് കുമാർ,<br>സെക്രട്ടറി (റിട്ട)<br>ശ്രീനന്ദനം,<br>എരവന്നൂർ പി ഒ,<br>നരിക്കുനി-673585 |
| 1-23 | ശ്രീ ദിലീപ് കുമാർ ടി,<br>അഗ്രികൾച്ചറൽ ഓഫീസർ<br>ഇുവ്വക്കോട്ട് (വീട്),<br>പയമ്പ്ര (പിഒ)<br>കോഴിക്കോട്-673571 |
| 1-35 | ഡോ. സരിത പുരുഷോത്തമൻ,<br>വരേണ്യം, കരിക്കാംകുളം,<br>കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി.പി2/51/10(4)/11.11.10 | 27, 29, 30 | |
| 1999-00 (ഡി.സി.ബി) | കെ.എസ്.എ.കെ.കെ.ഡി.പി.2/1486/05(3) തീയതി 01.09.2011 | 2, 3, 10, 11 | |
| 1999-00 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/895/03/2.1.04 | 6, 7, 8, 9(A), (B),, 10 | |
| 2000-01 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/988/04/12.11.04 | 10 | |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി.12/910 | 8, 12, 14,, 15 | |

| | | | |
|---|---|---|---|
| | /14(4) തീയതി 09.09.2015 | | |
| 2001-02 (ഡി.സി.ബി) | എൽ.എഫ്.കെ.കെ.ഡി.പി2/51/10(6) /11.11.10 | 2-2, 2-8, 3-5, 3-9 | |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്1/1077/ 09/24.11.09 | 6, 7, 8, 9, 10 | |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്2/1000/ 05/1.7.06 | 2-4, 3-4, 3-10, 3-11, 3-12, 3-14, 3-15, 3-1 (എ, ബി.സി.) | |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.എസ്3/1254/ 08/22.5.08 | 3-1, 3-2 | |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി.12/910 /14(8) തീയതി 09.09.2015 | 3-5 | |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി2/1452/ 09/6.11/09 | 2-6, 2-7, 2-8 (ബി), 2-9 മുതൽ 2-13 വരെ<br>3-1 മുതൽ 3-23 വരെ | |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി2/1101/ 10/23.12.10 | 2-6, 2-8, 2-10, 2-11, 2-12, 3-1 മുതൽ 3-20 വരെ | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.പി2/205/ 11/3.3.11 | 2-1 മുതൽ 2-9 വരെ 3-1 മുതൽ 3-12 വരെ | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി12/473/ 12/25.11.13 | 2-1, 2-4, 2-6, 2-8 മുതൽ 2-13 വരെ | |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.പി12/1513/ 12/13.3.13 | 2-1, 2-2, 3-1, 3-3 മുതൽ 3-6 വരെ, 3-8 മുതൽ 3-11 വരെ 3-13, 4-3 | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി12/1824/ 12/20.7.13 | 1-3, 2-3 മുതൽ 2-5 വരെ, 3-1 മുതൽ 3-6 വരെ, 3-9, 4-3 | |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി12/697/ 14/3.3.15 | 1-3, 2-1 മുതൽ 2-5 വരെ, 3-1 മുതൽ 3-4 വരെ, 3-6, 3-7, 3-9, 3-10, 3-12, 3-13, 3-14 | |
| 2013-14 &14-15 | കെ.എസ്.എ.കെ.കെ.ഡി/പി12 /360/17 തീയതി 08.01.2018 | 1-1, 2-1, 2-2, 2-3, 3-4, 3-6, 3-8 മുതൽ 3-11 വരെ, 3-13, 3-14, 3-16, 3-17 മുതൽ 3-20 വരെ, 3-22 മുതൽ 3-26 വരെ, 3-27 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി12/1859/17 തീയതി 08.12.2017 | 2-1, 2-2, 2-5, 3-1 മുതൽ 3-14 വരെ, 3-18 മുതൽ 3-19 വരെ | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി12/2133/17 തീയതി 04.04.2018 | 2-1 മുതൽ 2-5 വരെ, 3-2 മുതൽ 3-16 വരെ | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി പി12/491/19 തീയതി 13.05.2019 | 1-12(1-5),2-1(1),2-2,2-3,3-3,3-4,3-5, 3-6,3-7,3-8,3-9,3-11(1),3-12, 3-13(1-3) | |

| | | | |
|---|---|---|---|
| | | 3-14,4-10 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

# അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.3/2080/2019 തിയതി: 07.01.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചേളന്നൂർ ഗ്രാമ** പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/നഗരസഭയുടെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.